# ദീപനാളം

ESTD-1968

കലാസാംസ്കാരിക ദേശീയവാരിക

2025 ഡിസംബർ 18 | ദീപം 58 | നാളം 41 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org


# ഉയിരെടുക്കുന്ന ഉത്കണ്ഠകൾ




**ഡോ. ജോർജ് തയ്യിൽ**


**2023** ജൂൺമാസം ഗുജറാത്തിലെ ജാംനഗറിൽ 41 വയസ്സ് മാത്രമുള്ള ഡോ. ഗൗരവ് ഗാന്ധി തികച്ചും ആകസ്മികമായി മരണമടഞ്ഞത് ഇന്നും ഞെട്ടലോടെ വൈദ്യസമൂഹം ഓർമിക്കുന്നു. ദിവസേന 14 മണിക്കൂറോളം ജോലി ചെയ്യുന്ന കാർഡിയോളജിസ്റ്റ് 16000 ഓളം ആൻജിയോപ്ലാസ്റ്റികൾ ചുരുങ്ങിയ കാലംകൊണ്ട് ചെയ്തുതീർത്തു. തിരക്കേറിയ ഒരു ദിവസത്തെ ജോലിക്കുശേഷം അർദ്ധരാത്രിയിൽ പെട്ടെന്ന് നെഞ്ചിലസ്വാസ്ഥ്യം ഉണ്ടാകുന്നു. തുടർന്ന് ആശുപത്രിയിൽപോയെടുത്ത ഇ. സി. ജി.യിൽ വ്യതിയാനങ്ങൾ ഒന്നും കണ്ടില്ല. തിരിച്ചു വീട്ടിൽവന്നു കിടന്നുറങ്ങിയ ഡോക്ടർ രാവിലെ ഉറക്കമുണർന്നില്ല. ഭാര്യ തട്ടിവിളിച്ചപ്പോൾ ചലനമറ്റു കിടക്കുന്നു.

വിശ്രമമില്ലാതെ ഒടുങ്ങാത്ത സ്ട്രെസ്സുമായി ജോലിചെയ്യുന്ന പല ചെറുപ്പക്കാരും പെട്ടെന്നു മരണപ്പെടുന്നതായി വാർത്തകൾ വരുന്നു. ഗൗരവ് ഗാന്ധിക്ക് അമിതരക്തസമ്മർദമോ പ്രമേഹമോ വർദ്ധിച്ച കൊളസ്ട്രോളോ മദ്യപാനമോ ഒന്നും ഇല്ലായിരുന്നു. പറയത്തക്ക ആപത്ഘടകങ്ങളൊന്നുമില്ലാതിരുന്ന ഡോക്ടർക്ക് ഒന്നു മാത്രമുണ്ടായിരുന്നു - ഒടുങ്ങാത്ത സ്ട്രെസ്സും അമിതാധ്വാനവും.

26 വയസ്സ് മാത്രമുള്ള എറണാകുളം സ്വദേശിനി ചാർട്ടേർഡ് അക്കൗണ്ടന്റ് അന്ന സെബാസ്റ്റ്യൻ പൂനയിലെ താമസസ്ഥലത്ത് കുഴഞ്ഞുവീണു മരിച്ച സംഭവം ആദ്യം ഒരു വാർത്തയേയായില്ല. 2024 ജൂലൈ 21 ന് ആകസ്മികമായി മരണമടഞ്ഞ ആ ചെറുപ്പക്കാരിയുടെ വിയോഗത്തെ ചുറ്റിപ്പറ്റിയുള്ള ദുരൂഹതകൾ പൊതുസമൂഹം അറിയുന്നത് അമ്മയുടെ വെളിപ്പെടുത്തലുകളിലൂടെയാണ്. പൂനയിലെ സ്വകാര്യകമ്പനിയിൽ ദിവസേന 18 മണിക്കൂറുകളോളം വിശ്രമവും ഊണും ഉറക്കവുമില്ലാതെ ജോലി ചെയ്ത് ഒടുങ്ങാത്ത സ്ട്രെസ്സോടെ പല പ്രാവശ്യം ആശുപത്രിയിൽ നെഞ്ചുവേദനയ്ക്കുള്ള ചികിത്സയ്ക്കായി എത്തി. അപ്പോൾ എടുത്ത ഇ.സി.ജി.കളെല്ലാം നോർമൽ. അവസാനം, അമിതജോലിഭാരവും പോഷകാഹാരക്കുറവും വിട്ടുമാറാത്ത മനോസംഘർഷവും അതിരുവിട്ടപ്പോൾ ഹൃദയസ്തംഭനം മൂലം കുഴഞ്ഞുവീണു മരിച്ചു.

ഹൃദയാരോഗ്യത്തിനു ഭീഷണിയാകുന്ന ഏറ്റവും പുതിയ വില്ലനായി മാറുകയാണ് 'അമിതാധ്വാനത്തിലൂടെ മരണം' എന്നർത്ഥം വരുന്ന 'കരോഷി സിൻഡ്രോം.' ജപ്പാനിൽ ആഴ്ചയിൽ 40 മണിക്കൂറിനു പകരം 55 മണിക്കൂറിലധികം കഠിനാധ്വാനം ചെയ്തവരിലാണ് 'കരോഷി സിൻഡ്രോം' എന്ന പ്രതിഭാസം പ്രകടമായത്. ഇക്കൂട്ടരിൽ ഹൃദയസ്തംഭനമുണ്ടാകാനുള്ള സാധ്യത 13 ശതമാനവും സ്ട്രോക്കുണ്ടാകാനുള്ള സാധ്യത 33 ശതമാനവും വർദ്ധിച്ചുകണ്ടു. ഉറക്കക്കുറവ് അതിരുകടന്നവരിൽ മാരകമായ ഹൃദയസ്പന്ദന വൈകല്യങ്ങൾ (വെൻട്രിക്കുലർ റ്റാഹികാർഡിയ, ഫിബ്രലേഷൻ) കൂടുതലായി കണ്ടു. ഇതിന്റെ പ്രത്യാഘാതം തൽക്ഷണമരണമാണ്. ഉറക്കമിളച്ച് ദീർഘനേരം ജോലി ചെയ്യുന്നവരിൽ കാണുന്ന ഹൃദയഘടനാവ്യതിയാനമാണ് മയോകാർഡിയൽ ഫൈബ്രോസിസ്. അത് താളം തെറ്റിയ ഹൃദയമിടിപ്പിലേക്കും ഹൃദയപരാജയത്തിലേക്കും നയിക്കുന്നു. 'കരോഷി സിൻഡ്രോം' കലശലാകുമ്പോൾ ആത്മഹത്യാപ്രവണതയും കൂടുന്നു.



കരോഷി സിൻഡ്രോമിന്റെ പ്രത്യാഘാതങ്ങളെപ്പറ്റി ജപ്പാനിൽനിന്നുള്ള ആദ്യറിപ്പോർട്ടുകൾ പുറത്തുവന്നത് 1969 ലാണ്. ഇന്നിത് ലോകമെമ്പാടുമുള്ള ഒരു സാധാരണ പ്രതിഭാസമായി മാറിക്കഴിഞ്ഞു.

*മരണത്തിലേക്കു വലിച്ചിഴയ്ക്കപ്പെടുന്നതിനു മുന്നോടിയായി പല രോഗാതുരകളാണ് ഒരു വ്യക്തിക്കുണ്ടാകുന്നത്.*

### ഹൃദയസംബന്ധമായ സങ്കീർണതകൾ

ഒരു വ്യക്തി നിരന്തരമായ സംഘർഷത്തിനു കീഴ്പ്പെടുമ്പോൾ ശരീരത്തിൽ സ്ട്രെസ് ഹോർമോണുകൾ (കോർട്ടിസോൾ, അഡ്രിനാലിൽ) കുമിഞ്ഞുകൂടുന്നു. ഇതുമൂലം നെഞ്ചിടിപ്പ് ക്രമാതീതമാകുന്നു. രക്തസമ്മർദം വർദ്ധിക്കുന്നു, തുടർന്ന്, ആകമാനമുള്ള ധമനീവീക്കമുണ്ടാകുന്നു. ഇത് ധമനികളിൽ ജരിതാവസ്ഥയും രക്തക്കട്ടയും ഉണ്ടാകുന്നതിനു കാരണമാകുന്നു. ഈ അവസ്ഥ തുടർന്നാൽ ഹാർട്ടറ്റാക്ക്, സ്ട്രോക്ക്, താളംതെറ്റിയ ഹൃദയസ്പന്ദനം തുടങ്ങിയ മാരകമായ സങ്കീർണ്ണതകൾമൂലം രോഗി മരണത്തെ അഭിമുഖീകരിക്കുന്നു.

### അമിതരക്തസമ്മർദം

സുദീർഘമായ ജോലിസമയവും അടങ്ങാത്ത സ്ട്രെസ്സും ഉറക്കക്കുറവും ഉണ്ടാക്കുന്ന പ്രധാന സങ്കീർണത പ്രഷറിന്റെ തിരയിളക്കമാണ്. ഈ അവസ്ഥ തുടർന്നാൽ ഹൃദയാഘാതവും സ്ട്രോക്കും ഉണ്ടാകുന്നു; പ്രത്യേകിച്ച് തലച്ചോറിലെ രക്തസ്രാവം.

### ഉറക്കക്കുറവും തളർച്ചയും

അമിതജോലി ഉറക്കക്കുറവുണ്ടാക്കുന്നു, അത് സമൂലമായ ശാരീരികാരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്നു. ബൗദ്ധികമായ കഴിവുകൾ കുറയുന്നു, ശരീരത്തിന്റെ പൊതുവായ പ്രതിരോധശക്തി ദുർബലമാകുന്നു.

### തളരുന്ന മാനസികാരോഗ്യം

തൊഴിൽസ്ഥലത്തെ അടങ്ങാത്ത സമ്മർദം മാനസികാരോഗ്യത്തിന്റെ അടിത്തറയിളക്കുന്നു. അമിതമായ ഉത്കണ്ഠയും വിഷാദവുമാണ് അനന്തരഫലം; ഇത് അതിരുകടന്നാൽ ഒരുവൻ ആത്മഹത്യയ്ക്കുവരെ തയ്യാറാകുന്നു. ചെറുപ്പക്കാരായ 1990 ഐ.റ്റി. ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി 2010-2018 കാലഘട്ടത്തിൽ നടത്തിയ പഠനങ്ങളിൽ, വിശ്രമമില്ലാതെ ദീർഘനേരം ജോലി ചെയ്യുന്നവരിൽ 55.7 ശതമാനം പേർക്കും ആത്മഹത്യാപ്രവണത കണ്ടു. 29 വയസ്സിൽ താഴെയുള്ളവരിൽ ഇതു കൂടുതലായി കണ്ടു.

### പോഷണസംബന്ധമായ അപാകതകൾ

നിരന്തരമായ മനോസംഘർഷമുള്ളവരിൽ പ്രമേഹവും അമിതവണ്ണവും ഉണ്ടാകാനുള്ള സാധ്യത ഏറിനിൽക്കുന്നു.

### ദുർബലമാകുന്ന ഇമ്മ്യൂൺ വ്യവസ്ഥ

ഈ അവസ്ഥ നാനാവിധത്തിലുള്ള അണുബാധരോഗങ്ങളുണ്ടാകാൻ കാരണമാകുന്നു. അപ്പോൾ ഹൃദയധമനികളിൽ ബ്ലോക്കില്ലാതെയും പ്രത്യേകമായ മുൻരോഗലക്ഷണങ്ങളില്ലാതെയും സാധാരണ കാണുന്ന ആപത്ഘടകങ്ങളില്ലാതെയും ഒരുവനു ഹൃദയസ്തംഭനമുണ്ടാകാം.

►14


പാലാ സെന്റ് തോമസ് പ്രസ് ബുക്സ്റ്റാളിൽ
ക്രിസ്മസ് ഫെസ്റ്റിവൽ
അതിശയിപ്പിക്കുന്ന
വിലക്കുറവിൽ
അതിനൂതനവിഭവങ്ങൾ
ഡിസംബറിന്റെ കുളിരിൽ
ക്രിസ്മസിനെ വരവേല്ക്കാൻ
നിങ്ങളോടൊപ്പം ഞങ്ങളുമുണ്ട്
വരൂ... സന്ദർശിക്കൂ...
Merry Christmas
✦ ക്രിസ്തുമസ് ട്രീകൾ
✦ ക്രിബ് സെറ്റുകൾ
✦ പുൽക്കൂടുകൾ
✦ നക്ഷത്രങ്ങൾ
✦ തോരണങ്ങൾ
✦ ക്രിസ്മസ് സമ്മാനങ്ങൾ
✦ ക്രിസ്മസ് പാപ്പാ ഉടുപ്പുകൾ
✦ ബലൂണുകൾ
✦ LED ബൾബുകൾ
✦ അലങ്കാര ലൈറ്റുകൾ
✦ ലേസർ ലൈറ്റുകൾ
ഈ ക്രിസ്മസ് സെന്റ് തോമസിനോടൊപ്പം
04822 215321, 6282632531





ടി. ദേവപ്രസാദ്

# നിയമസഭാറിപ്പോർട്ടിങ്ങുകളുടെ നല്ല കാലം

**നി**യമസഭാനടപടികൾ റിപ്പോർട്ട് ചെയ്യുന്നതിന് ഇന്നത്തെക്കാൾ ഏറെ പ്രാധാന്യം മാധ്യമങ്ങൾ നൽകിയിരുന്ന കാലമായിരുന്നു അത്. രാവിലെ എട്ടരയ്ക്കു നിയമസഭ ആരംഭിക്കുന്നതു മുതൽ 'സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ എട്ടരയ്ക്കു വീണ്ടും സമ്മേളിക്കുന്നതുമാണ്' എന്ന് സ്പീക്കർ അറിയിക്കുന്നതുവരെയുള്ള സംഭവങ്ങൾ ഏതാണ്ട് വള്ളിപുള്ളി വിടാതെ റിപ്പോർട്ട് ചെയ്തിരുന്നു. ചോദ്യോത്തരവേളയുടെ റിപ്പോർട്ട് ആരംഭിച്ചിരുന്നത് ഇങ്ങനെയാണ്: നിയമസഭ രാവിലെ എട്ടരയ്ക്ക് സ്പീക്കർ ശങ്കരനാരായണൻ തമ്പിയുടെ അധ്യക്ഷതയിൽകൂടി. വ്യവസായവകുപ്പുമന്ത്രി ടി.വി. തോമസ് ചോദ്യങ്ങൾക്കു മറുപടി നൽകി. ചോദ്യം: പി.ടി. ചാക്കോ: അദ്ദേഹത്തിന്റെ ചോദ്യം, അതിനു മന്ത്രി കൊടുക്കുന്ന ഉത്തരം എന്നിങ്ങനെ ഇങ്ങനെ ഓരോ ചോദ്യവും ഉത്തരവും ചോദ്യകർത്താവിന്റെ പേരുസഹിതം റിപ്പോർട്ട് ചെയ്തിരുന്നു. അടുത്തത് അടിയ


കെ.സി. സെബാസ്റ്റ്യൻ

ന്തരപ്രമേയം. പിന്നെ ശ്രദ്ധക്ഷണിക്കൽ. രണ്ടോ നാലോ സബ്മിഷനുകൾ. അതുകഴിഞ്ഞാൽ അന്നത്തെ ബിസിനസുകൾ. സഭയിൽ നടക്കുന്ന ക്രമത്തിൽ പരിപാടികൾ റിപ്പോർട്ടു ചെയ്യും.

1970 കളിൽ ഞാൻ എത്തുമ്പോഴേക്കും ആ റിപ്പോർട്ടിങ് രീതി മാറി. ചോദ്യോത്തരവേളയിലെ ഏറ്റവും വാർത്താപ്രാധാന്യമുള്ള വിഷയം ലീഡാക്കി ചോദ്യോത്തരം റിപ്പോർട്ട് ചെയ്യുന്ന രീതി വന്നു. ചോദ്യോത്തരങ്ങളും അടിയന്തരപ്രമേയവും സബ്മിഷനുകളുംവരെ സഭയിൽ ഇരുന്നുതന്നെ എഴുതിത്തീർക്കും. നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളിൽ വാർത്താപ്രാധാന്യമുള്ളവ സഭയിലിരുന്നു കണ്ടുപിടിക്കും. അവ ലൈബ്രറിയിൽപോയി എഴുതി യെടുക്കും.

ദീപികയുടെ കെ.സി. സെബാസ്റ്റ്യൻ രാജ്യസഭാ എം.പി. ആയ ഉടനെ അവിടെയെത്തിയ എനിക്ക് തുടക്കദിവസങ്ങളിൽ നിയമസഭയുടെ മുഴുവൻ പരിപാടികളും ഒറ്റയ്ക്കു റിപ്പോർട്ട് ചെയ്യേണ്ടിവന്നിട്ടുണ്ട്. വാർത്തകൾ കോട്ടയത്ത് എത്തിക്കുന്നതിന് ടെലിപ്രിന്റർസൗകര്യം വന്നിരുന്നു. എങ്കിലും ചോദ്യോത്തരം സംബന്ധിച്ച റിപ്പോർട്ട് എഴുതിത്തയ്യാറാക്കി കവറിലാക്കി 12 മണിക്കുള്ള കോട്ടയം ബസ്സിൽ കണ്ടക്ടറുടെ കൈവശം കൊടുത്തുവിടുകയായിരുന്നു. കവർ എടുക്കുന്നതിനുള്ള സ്റ്റാഫ് ഉച്ചയോടെ നിയമസഭയുടെ മുന്നിലെത്തും. അപ്പോഴേക്കും ചോദ്യോത്തരം, അടിയന്തരപ്രമേയം, ശ്രദ്ധക്ഷണിക്കൽ പ്രസംഗങ്ങൾ, സബ്മിഷനുകൾ എന്നിവയുടെ റിപ്പോർട്ടുകൾ തയ്യാറാക്കണം. സഭയിൽ വരാത്ത നക്ഷത്രചിഹ്നം ഇടാത്ത ചോദ്യങ്ങളിൽ വാർത്താ പ്രാധാന്യമുള്ളവ ടിക്ക് ചെയ്ത് ലൈബ്രറിയിൽപോയി എഴുതിയെടുക്കണം. അവയും ചോദ്യോത്തരത്തിൽ ചേർക്കണം. സി.എ.ജി. റിപ്പോർട്ടുകളുടെ കോപ്പി കോട്ടയത്തിന് അയയ്ക്കും. നിയമസഭയിൽ അന്വേഷണറിപ്പോർട്ടുകൾവച്ചാൽ അതു വായിക്കുന്നതു പലപ്പോഴും സഭ പിരിഞ്ഞശേഷമാണ്. തയ്യാറാക്കിയ റിപ്പോർട്ടുകൾ അടങ്ങിയ കവർ ഓടിയിറങ്ങി വന്ന് നമ്മുടെ ദൂതനു കൈമാറിയശേഷം വീണ്ടും അകത്തേക്കു പോകും.

കേരളഭൂഷണത്തിന്റെ പ്രതിനിധിയായിരുന്ന അന്തരിച്ച കെ. ആർ.രവി. നിയമസഭാറിപ്പോർട്ടിങ്ങിൽ തുടക്കം കുറിച്ച 'നിയമസഭയിൽ ഇന്ന്' എന്ന പംക്തി 1970 കളിൽ മിക്കവാറും എല്ലാ പത്രക്കാരും സ്വീകരിച്ചുതുടങ്ങിയിരുന്നു. മലയാളമനോരമയുടെ കെ. ആർ. ചുമ്മാർ, ദീപികയുടെ കെ. സി. സെബാസ്റ്റ്യൻ, ദേശാഭിമാനിയുടെ കെ. മോഹനൻ എന്നിവർ തയ്യാറാക്കുന്ന റിപ്പോർട്ടുകൾ ഏറെ വായനസുഖം പകരുന്നതായിരുന്നു. നിയമസഭാറിപ്പോർട്ടിങ്ങിൽ ലേഖകന് അവരുടെയും പത്രത്തിന്റെയും രാഷ്ട്രീയചുവ അനുസരിച്ച് കാര്യപരിപാടികൾ വീക്ഷിച്ച് റിപ്പോർട്ട് തയ്യാറാക്കാമെങ്കിലും ഒന്നും കൈയിൽനിന്നും ഇടാനാവില്ല. എന്നാൽ, നിയമസഭാവലോകനം അങ്ങനെയല്ല. എഴുത്തുകാരന്റെ ഭാഷാവൈഭവവും രാഷ്ട്രീയഅറിവും ഓർമകളും എല്ലാം ഉപയോഗിക്കാവുന്ന ഒന്നായിരുന്നു അത്.

ദീപികയുടെ കെ.സി. സെബാസ്റ്റ്യൻ, മനോരമയുടെ കെ. ആർ. ചുമ്മാർ, തൃശൂർ എക്സ്പ്രസിന്റെ ടി.ഒ. ചെറുവത്തൂർ, ടൈംസ് ഓഫ് ഇന്ത്യയുടെ കെ. സി. ജോൺ, കേരള കൗമുദിയുടെ ജി. വിജയരാഘവൻ, കെ. ജി. പരമേശ്വരൻ നായർ, മാതൃഭൂമിയുടെ പി.സി. സുകുമാരൻ നായർ, പി.ആർ. വാര്യർ, ദേശാഭിമാനിയുടെ കെ. മോഹനൻ എന്ന മോഹനേട്ടൻ, കേരളഭൂഷണത്തിന്റെ മാധവണ്ണൻ, ജി. നീലാംബരൻ, ദി ഹിന്ദുവിന്റെ കൃഷ്ണമൂർത്തി, കെ.പി. നായർ, ഇന്ത്യൻ എക്സ്പ്രസിന്റെ ഗോവിന്ദൻകുട്ടി മാധവൻകുട്ടി, തമ്പി, ഗൗരിദാസൻനായർ, യു. എൻ.ഐ.യുടെ ബലറാം, രവി, മൊയ്തീൻ, പിടിഐയുടെ മേനോൻ, ശർമ്മാജി,ശശി തുടങ്ങി എത്ര മഹാരഥന്മാരാണ് അന്നു നിയമസഭയുടെ റിപ്പോർട്ടിങ് ഗാലറിയിൽ ഉണ്ടായിരുന്നത്.

1970 കൾ വരെ മിക്കവാറും പത്രങ്ങൾക്ക് തലസ്ഥാനത്ത് ഒന്നോ രണ്ടോ ലേഖകരാണുള്ളത്. അവർ തമ്മിൽ നല്ല ഹൃദയബന്ധം സൂക്ഷിച്ചിരുന്നു. ഒരു ലേഖകന് അത്യാവശ്യമായി തലസ്ഥാനത്തുനിന്നു മാറിനിൽക്കേണ്ടിവന്നാൽ മറ്റൊരു പത്രത്തിന്റെ ലേഖകനോട് തന്റെ പത്രത്തിനുകൂടി റിപ്പോർട്ട് കൊടുക്കണം എന്ന് ഏല്പിക്കുക സാധാരണമായിരുന്നു. ദീപികയുടെ ലേഖകനായിരുന്ന കെ.സി. സെബാസ്റ്റ്യൻ ഇടതുപക്ഷപത്രങ്ങളായ ദേശാഭിമാനിക്കും ജനയുഗത്തിനും വേണ്ടി നിയമസഭാവലോകനങ്ങൾ എഴുതിയതിനെക്കുറിച്ച് ദേശാഭിമാനിയിലെ മോഹനേട്ടൻ പലപ്പോഴും അനുസ്മരിച്ചിരുന്നു. മോഹനേട്ടൻ സെബാസ്റ്റ്യൻസാറിനെ ആശാൻ എന്നാണു വിളിച്ചിരുന്നത്. ഒരിക്കൽ സെബാസ്റ്റ്യൻസാർ ഓഫീസിൽ ഇല്ലാതിരുന്ന സമയത്ത് ജനയുഗത്തിൽ ആൾ വന്ന് ദീപികയിൽനിന്നും നിയമസഭാവലോകനം എടുത്തുകൊണ്ടുപോയി അടിച്ചുകൊടുത്തു. പിറ്റേന്ന് ജനയുഗത്തിലും സിപിഐയെ വലതുകമ്മ്യൂണിസ്റ്റു പാർട്ടി എന്നു പരാമർശിച്ച് അവലോകനം വന്നു. സഭയിൽവന്നപ്പോൾ എം.എൻ. ഗോവിന്ദൻനായർ സെബാസ്റ്റ്യനെ കാണാൻ വന്നു. 'സെബാസ്റ്റ്യൻ, ഞങ്ങളുടെ പത്രത്തിൽ ഞങ്ങളെക്കുറിച്ച് വലതുകമ്മ്യൂണിസ്റ്റു പാർട്ടി എന്ന് എഴുതരുതു കേട്ടോ' എന്നു പറഞ്ഞു ചിരിച്ചു, ദീപികയ്ക്കുവേണ്ടി തയ്യാറാക്കുന്ന അവലോകനത്തിൽ അത്യാവശ്യം തിരുത്തലുകൾ നടത്തിയാണ് സെബാസ്റ്റ്യൻസാർ ജനയുഗത്തിനും ദേശാഭിമാനിക്കും കൊടുത്തിരു


എം.എൻ. ഗോവിന്ദൻനായർ

ന്നത്. അന്നു സാർ അറിയാതെ എടുത്തുകൊണ്ടുപോയതാണ് പ്രശ്നമായത്.

നിയമസഭാംഗങ്ങളും പത്രപ്രവർത്തകരും തമ്മിൽ വേർതിരിക്കപ്പെട്ടിരുന്നത് ഒരു ചെറിയ വേലി കൊണ്ടായിരുന്നു. ഇന്ന് പത്രക്കാർ അംഗങ്ങളുടെ മുകളിലുള്ള നിലയിലെ ഗാലറിയിലാണ് ഇരിക്കുക. അന്നു പത്രക്കാരുടെ മുന്നിലൂടെയാണ് അംഗങ്ങൾ അകത്തേക്കു പോവുക. പലരും പ്രത്യേകിച്ചു പ്രതിപക്ഷക്കാർ സഭയിൽ ഉന്നയിക്കാൻ പറ്റിയ വിഷയങ്ങൾ മാധ്യമപ്രവർത്തകരോടു ചോദിച്ചിരുന്നു. പലപ്പോഴും ഉപചോദ്യങ്ങൾക്കായി പലരും പത്രപ്രവർത്തകരെ നോക്കിയിരുന്നു. ചോദ്യങ്ങൾ എഴുതിക്കൊടുക്കുന്നതും അസാധാരണമായിരുന്നില്ല. സഭയിൽ പത്രപ്രവർത്തകർ വെറും കാഴ്ചക്കാരാണ്. സഭയിൽ നടക്കുന്നതെല്ലാം നിസ്സംഗതയോടെ കണ്ടിരിക്കുക, ചില ഇടതുപക്ഷപത്രക്കാർക്ക് അതു വലിയ തലവേദനയായിരുന്നു. സീനിയേഴ്സ് പക്ഷേ, കർക്കശമായി വില്ക്കും. നിയമസഭാറിപ്പോർട്ടിങ്ങിൽ കന്നിക്കാരനായിരുന്ന കാലം. ഒരിക്കൽ ഏതോ നേതാവിനെക്കുറിച്ചുള്ള അനുസ്മരണപ്രസംഗം നടക്കുന്നു. പ്രസംഗങ്ങൾക്കുശേഷം സഭ എഴുന്നേറ്റുനിന്ന് ആദരം പ്രകടിപ്പിച്ചു. ഞാനും അറിയാതെ എഴുന്നേറ്റു. തൊട്ടടുത്തിരുന്ന കേരള കൗമുദിയിലെ കെ. ജി. പരമേശ്വരൻനായർ ഷർട്ടിൽപ്പിടിച്ചു വലിച്ചിരുത്തി. എന്നാൽ, മാധ്യമപ്രവർത്തകർ അംഗങ്ങളോടൊപ്പം എഴുന്നേറ്റുനിന്ന പല സംഭവങ്ങളും ഉണ്ടായി. ഒന്ന്, ഇന്ദിരാജിക്ക് ആദരാഞ്ജലി അർപ്പിച്ചപ്പോഴാണ്. വി. എം. സുധീരൻ സ്പീക്കറായിരുന്ന കാലത്ത് അന്തരിച്ച പത്രപ്രവർത്തകൻ കെ.സി. സെബാസ്റ്റ്യനു സഭ ആദരാഞ്ജലി അർപ്പിച്ചപ്പോഴും പത്രപ്രവർത്തകർ പേന താഴെവച്ച് എഴുന്നേറ്റുനിന്ന് ആദരം പ്രകടിപ്പിച്ചു. സഭയിൽ നടക്കുന്നതെല്ലാം മനസ്സർപ്പിച്ചു കേട്ടും ഇമവെട്ടാതെ നോക്കിയിരുന്നും പരിപൂർണനിശ്ശബ്ദരായിരുന്നാണ് ജോലി.

പത്രക്കാർ സഭാഹാളിൽ കയറില്ല. സഭ സമ്മേളിക്കാത്തപ്പോൾ പോലും തങ്ങളുടെ സീറ്റിലിരുന്ന് എം.എൽ.എ. മാരുമായി സംസാരിക്കുകയാണു പതിവ്. അല്ലെങ്കിൽ ലോബിയിൽവച്ച് കാണും. സഭ ബഹളംമൂലം നിർത്തിവയ്ക്കുമ്പോൾ അംഗങ്ങൾ പത്രക്കാരുടെ അടുത്തുവന്ന് സംസാരിക്കാറുണ്ട്. കൊച്ചുവർത്തമാനങ്ങളാവും കൂടുതൽ. എന്നാൽ, ഗവർണറുടെ നയപ്രഖ്യാപനപ്രസംഗം, ധനമന്ത്രിയുടെ ബജറ്റ് പ്രസംഗം എന്നിവയ്ക്കുശേഷം നിയമസഭയിൽ പ്രതിപക്ഷനേതാവിന്റെയും കക്ഷിനേതാക്കളുടെയും ഇരിപ്പിടത്തിലെത്തി പ്രതികരണം ചോദിക്കും. പ്രസംഗം പത്രക്കാർക്ക് അവരുടെ സീറ്റിൽ എത്തിച്ചുകിട്ടും. ബജറ്റ്രേഖകൾ ലൈബ്രറിയിൽ ചെന്നുവാങ്ങണം.


മാത്യു സ്റ്റീഫൻ

കേരളത്തിൽ വ്യാപകമാകുന്ന മയക്കുമരുന്നുവിപത്തിനെക്കുറിച്ച് ഒരിക്കൽ സഭയുടെ ശ്രദ്ധ ക്ഷണിക്കുവാൻ ഉടുമ്പഞ്ചോല എം.എൽ.എ. ആയിരുന്ന മാത്യു സ്റ്റീഫൻ കുറച്ചു കഞ്ചാവുപൊടിയുമായി സഭയിൽ വന്നു. അത് ഉയർത്തിക്കാട്ടി പ്രസംഗിച്ചു. സഭയിൽ ബഹളമായി. മാത്യു സ്റ്റീഫൻ സഭയിൽ കാണിച്ച മയക്കുമരുന്ന് മേശപ്പുറത്തു വയ്ക്കണം എന്ന് പലരും ശഠിച്ചു. സ്പീക്കർ ബുദ്ധിമുട്ടിലായി. മാത്യു സ്റ്റീഫന് അപകടം മനസ്സിലായി. മേശപ്പുറത്തു വയ്ക്കുന്ന പൊടി മയക്കുമരുന്നാണെങ്കിൽ കൈവശം സൂക്ഷിക്കാൻ അനുവാദമില്ലാത്ത വസ്തു സൂക്ഷിച്ചതിന് ശിക്ഷവരും. ജയിലിൽവരെ പോകേണ്ടിവരും. മാത്യു സ്റ്റീഫൻ പെട്ടെന്ന് പിൻസീറ്റിലിരുന്ന പത്രക്കാരൻ സുഹൃത്തിന്റെ കൈയിലേക്ക് മയക്കുമരുന്നുപൊടി കൈമാറി. എവിടെനിന്നോ പാർട്ടി എം.എൽ.എ. മാർ എത്തിച്ചുകൊടുത്ത ചോക്കുപൊടി സഭയുടെ മേശപ്പുറത്തു വച്ച് രക്ഷപ്പെട്ടു.

(തുടരും)

# പ്രവാചകവൃന്ദം | പ്രവചനങ്ങളും മുന്നറിയിപ്പുകളും

**ബൈബിളിലൂടെ ഒരു തീർഥയാത്ര**



**തോമസ് കുഴിഞ്ഞാലിൽ**

*(കഴിഞ്ഞ ലക്കം തുടർച്ച)*

യഹൂദരുടെ 70 വർഷത്തെ പ്രവാസകാലത്താണ് ജറെമിയാ, എസെക്കിയേൽ, ദാനിയേൽ തുടങ്ങിയവരുടെ പ്രവചനകാലം. ഇതേക്കുറിച്ച് 2 ദിനവൃത്താന്തത്തിൽ സൂചനയുണ്ട്: പിതാക്കന്മാരുടെ ദൈവമായ കർത്താവ് തന്റെ ജനത്തോടും വാസസ്ഥലത്തോടും കരുണ തോന്നി അവരുടെ അടുത്തേക്കു തുടർച്ചയായി ദൂതന്മാരെ അയച്ചുകൊണ്ടിരുന്നു. എന്നാൽ, അവർ ദൈവത്തിന്റെ ദൂതന്മാരെ പരിഹസിക്കുകയും അവഹേളിക്കുകയും ചെയ്തു. അങ്ങനെ കർത്താവിന്റെ ക്രോധം അപ്രതിഹതമാംവിധം അവിടുത്തെ ജനത്തിനെതിരേ ഉയർന്നു (2 ദിനവൃത്താന്തം 36:15–16).

ജറെമിയായുടെ പ്രവചനം ഇപ്രകാരമായിരുന്നു: "ബാബിലോണിൽ 70 വർഷം പൂർത്തിയാകുമ്പോൾ, ഞാൻ നിങ്ങളെ സന്ദർശിച്ച് നിങ്ങളെ ഈ സ്ഥലത്തേക്കു തിരികെക്കൊണ്ടുവരുമെന്നുള്ള എന്റെ വാഗ്ദാനം നിറവേറ്റും. നിങ്ങളെക്കുറിച്ചുള്ള പദ്ധതി എന്റെ മനസ്സിലുണ്ട്. നിങ്ങളുടെ നാശത്തിനല്ല, ക്ഷേമത്തിനുള്ള പദ്ധതിയാണത്. നിങ്ങൾക്കു ശുഭമായ ഭാവിയും പ്രത്യാശയും നൽകുന്ന പദ്ധതി. അപ്പോൾ നിങ്ങൾ എന്നെ വിളിച്ചപേക്ഷിക്കും, എന്റെയടുക്കൽ വന്നു പ്രാർഥിക്കും, ഞാൻ നിങ്ങളുടെ പ്രാർഥന ശ്രവിക്കും. നിങ്ങൾ എന്നെ അന്വേഷിക്കും. പൂർണഹൃദയത്തോടെ അന്വേഷിക്കുമ്പോൾ എന്നെ കണ്ടെത്തും. നിങ്ങളെ ചിതറിച്ചിരിക്കുന്ന എല്ലാ സ്ഥലങ്ങളിൽനിന്ന് ഞാൻ നിങ്ങളെ ഒരുമിച്ചുകൂട്ടും" (ജറെമിയ 29:10–14). ജറെമിയ തുടരുന്നു: "എന്റെ ജനമായ ഇസ്രയേലിന്റെയും യൂദായുടെയും സുസ്ഥിതി പുനഃസ്ഥാപിക്കാനുള്ള ദിവസം വരുന്നു. അവരുടെ പിതാക്കന്മാർക്കു ഞാൻ കൊടുത്തിട്ടുള്ള ദേശത്തേക്കു ഞാൻ അവരെ തിരിച്ചുകൊണ്ടുവരും, അവർ അതു സ്വന്തമാക്കുകയും ചെയ്യും" (ജറെമിയ 30:3). "എന്റെ ദാസനായ യാക്കോബേ, നിന്നെ വിദൂരദേശങ്ങളിൽനിന്നും നിന്റെ മക്കളെ പ്രവാസത്തിൽനിന്നും ഞാൻ രക്ഷിക്കും. യാക്കോബ് മടങ്ങിവന്ന് ശാന്തി നുകരും. നിന്നെ രക്ഷിക്കാൻ നിന്നോടുകൂടെ ഞാനുണ്ട്. ആരുടെ ഇടയിൽ നിന്നെ ചിതറിച്ചോ ആ ജനതകളെയെല്ലാം ഞാൻ നിശ്ശേഷം നശിപ്പിക്കും" (ജറെമിയ 30:10–11, 46:27–28). ബി സി 627 മുതൽ 586 വരെയുള്ള 41 വർഷം ജറെമിയ പ്രവചിച്ചുനടന്നു.

ബി സി 570 മുതൽ 539 വരെയുള്ള 31 വർഷമായിരുന്നു എസെക്കിയേലിന്റെ പ്രവചനകാലം. അദ്ദേഹം ഇപ്രകാരം പ്രവചിച്ചു: "ജനതകളുടെയിടയിൽനിന്നു ഞാനവരെ തിരിയെ കൊണ്ടുവരുകയും ശത്രുരാജ്യങ്ങളിൽനിന്ന് അവരെ ഒരുമിച്ചുകൂട്ടുകയുംചെയ്യും. അങ്ങനെ അവരിലൂടെ അനേകം ജനതകളുടെ മുമ്പിൽ എന്റെ വിശുദ്ധി ഞാൻ വെളിപ്പെടുത്തും. അപ്പോൾ ഞാനാണ് നിങ്ങളുടെ ദൈവമായ കർത്താവ് എന്ന് അവർ അറിയും, എന്തെന്നാൽ, ഞാൻ അവരെ ജനതകളുടെയിടയിൽ പ്രവാസത്തിനയയ്ക്കുകയും തുടർന്ന് അവരെ സ്വദേശത്ത് ഒരുമിച്ചുകൂട്ടുകയും ചെയ്തു. ഇസ്രയേൽ ഭവനത്തിൽനിന്നും ഞാൻ എന്റെ മുഖം ഇനിമേൽ മറയ്ക്കുകയില്ല" (എസെക്കിയേൽ 39:27–29).

ദൈവമായ കർത്താവിനോട് അവിടുത്തെ ജനത്തിനുവേണ്ടി മാപ്പപേക്ഷിക്കുന്ന ദാനിയേൽ പ്രവാചകന്റെ പ്രാർഥന ഹൃദയസ്പർശിയാണ്: "ഞങ്ങളുടെ പാപങ്ങളും പിതാക്കന്മാരുടെ അകൃത്യങ്ങളും നിമിത്തം ജറുസലെമും അങ്ങയുടെ ജനവും ചുറ്റുമുള്ളവർക്കു നിന്ദാവിഷയമായി. ആകയാൽ, ഞങ്ങളുടെ ദൈവമേ, അങ്ങയുടെ ദാസന്റെ പ്രാർഥനയും യാചനകളും ചെവിക്കൊണ്ട് ശൂന്യമായിക്കിടക്കുന്ന അങ്ങയുടെ ആലയത്തെ അങ്ങയുടെ നാമത്തെപ്രതി കടാക്ഷിക്കണമേ! എന്റെ ദൈവമേ അങ്ങ് ചെവി ചായിച്ച് കേൾക്കണമേ! കർത്താവേ, ശ്രവിക്കണമേ! കർത്താവേ ക്ഷമിക്കണമേ! കർത്താവേ, ചെവിക്കൊള്ളുകയും പ്രവർത്തിക്കുകയും ചെയ്യണമേ!" (ദാനിയേൽ 9:16–19).

**ബാബിലോൺപ്രവാസം**

ബാബിലോണിലേക്കു നാടുകടത്തപ്പെട്ടവരുടെ 70 വർഷത്തെ പ്രവാസകാലം സമാധാനപൂർണമായിരുന്നുവെന്നു ചരിത്രം സാക്ഷിക്കുന്നുണ്ട്. സ്വതന്ത്രമായി ജീവിക്കാനും യഹൂദാചാരങ്ങൾ അനുഷ്ഠിക്കാനും തടസ്സമില്ലായിരുന്നു. ഛേദനാചാരവും സാബത്തും മുടക്കംകൂടാതെ ആചരിക്കാനും സാധിച്ചു. വീടുകളിൽ പ്രാർഥനാമുറികൾ സജ്ജമാക്കി പ്രാർഥിക്കാനും, പട്ടണങ്ങളിൽ സിനഗോഗുകൾ നിർമിച്ച് നിയമഗ്രന്ഥവും (തോറ) സങ്കീർത്തനങ്ങളും മനഃപാഠമാക്കാനും സ്വാതന്ത്ര്യമുണ്ടായിരുന്നു. പ്രത്യേകം വേർതിരിച്ചു നല്കപ്പെട്ട കൃഷിയിടങ്ങളിൽ ഫലവൃക്ഷങ്ങൾ നട്ടുവളർത്താനും, വ്യാപാരത്തിൽ അഭിരുചിയുള്ളവർക്ക് കച്ചവടത്തിലൂടെ പണം സമ്പാദിക്കുന്നതിനും അനുവാദമുണ്ടായിരുന്നു. ആടുമാടുകളെ വളർത്തിയും മത്സ്യബന്ധനം നടത്തിയും ഉപജീവനം നടത്തുന്ന യഹൂദരും നിരവധിയായിരുന്നു.

യുവാവായിരിക്കെ ബാബിലോണിലേക്കു നാടുകടത്തപ്പെട്ട ദാനിയേൽ, രാജാവിനുണ്ടായ ഒരു സ്വപ്നം വ്യാഖ്യാനിച്ചുകൊടുത്തതിൽ സംപ്രീതനാവുകയും അവനെ ബാബിലോൺപ്രവിശ്യയുടെ ഗവർണറായും അനേകം രാജാക്കന്മാരുടെ ഉപദേശകനായും നിയമിച്ചത് വിശുദ്ധഗ്രന്ഥത്തിൽ സവിസ്തരം രേഖപ്പെടുത്തിയിട്ടുണ്ട്. രാജാവ് ദാനിയേലിനോടു പറഞ്ഞു: "നിന്റെ ദൈവം സത്യമായും ദേവന്മാരുടെ ദൈവവും, രാജാക്കന്മാരുടെ കർത്താവും, രഹസ്യങ്ങൾ വെളിപ്പെടുത്തുന്നവനുമാണ്. എന്തെന്നാൽ, ഈ രഹസ്യം വെളിപ്പെടുത്താൻ നിനക്കു കഴിഞ്ഞിരിക്കുന്നു." രാജാവ് ഉന്നത ബഹുമതികളും വിലപ്പെട്ട സമ്മാനങ്ങളും ദാനിയേലിനു കൊടുത്തു. അവനെ ബാബിലോൺ പ്രവിശ്യയുടെ ഭരണകർത്താവും, രാജ്യത്തെ എല്ലാ ജ്ഞാനികളുടെയും തലവനുമായി നിയമിക്കുകയും ചെയ്തു (ദാനിയേൽ 2:47–48).

ദാനിയേലിന്റെ ഉയർച്ച പൂർവപിതാവായ ജോസഫിന്റെ ജീവിതത്തോടു താരതമ്യപ്പെടുത്തിയിട്ടുള്ള ദൈവശാസ്ത്രജ്ഞന്മാരുണ്ട്. ജോസഫ് ഫറവോയുടെ സ്വപ്നങ്ങൾ വ്യാഖ്യാനിക്കുകയും ഈജിപ്തിലെ ജനങ്ങളെ ക്ഷാമത്തിൽനിന്നു രക്ഷിക്കുകയും ചെയ്തു. ഫറവോ ജോസഫിനോടു പറഞ്ഞു: "നീ എന്റെ വീടിനു മേലാളായിരിക്കും. എന്റെ ജനം മുഴുവൻ നിന്റെ വാക്കനുസരിച്ചു പ്രവർത്തിക്കും. സിംഹാസനത്തിൽമാത്രം ഞാൻ നിന്നെക്കാൾ വലിയവനായിരിക്കും. ഇതാ, ഈജിപ്തുരാജ്യത്തിനു മുഴുവൻ അധിപനായി നിന്നെ ഞാൻ നിയമിച്ചിരിക്കുന്നു" (ഉത്പത്തി 41:37–41).

നബുക്കദ്നേസറിന്റെ പൗത്രനായ ബൽഷാസറിന്റെ പിൻഗാമിയായി ബാബിലോൺ ഭരിച്ച ദാരിയൂസിന്റെ പ്രീതിക്കു പാത്രമായിരുന്ന ദാനിയേലിന്റെ ഉയർച്ചയിൽ അസൂയ പൂണ്ട ദേശാധിപന്മാരും തലവന്മാരുംചേർന്ന് അവന്റെമേൽ രാജ്യദ്രോഹക്കുറ്റം ചുമത്തി. "അടുത്ത മുപ്പതുദിവസത്തേക്ക് രാജാവിനോടല്ലാതെ മറ്റേതെങ്കിലും ദേവന്മാരോടോ മനുഷ്യരോടോ പ്രാർഥിക്കുന്നവനെ സിംഹങ്ങളുടെ കുഴിയിൽ എറിഞ്ഞുകളയണം" എന്ന രാജശാസനത്തിൽ രാജാവ് മുദ്രവച്ചു. ദിവസേന മൂന്നു നേരവും മുട്ടിന്മേൽനിന്ന് തന്റെ ദൈവത്തോടു പ്രാർഥിക്കുന്ന ദാനിയേലിനെ കണ്ട അവന്റെ ശത്രുക്കൾ രാജകല്പന ലംഘിച്ചുവെന്നാരോപിച്ച് അവനെ സിംഹക്കുഴിയിലേക്കെറിയുകയായിരുന്നു. രാത്രി മുഴുവൻ ദുഃഖിതനായും നിദ്രാരഹിതനായും ഉപവാസത്തിൽ ചെലവഴിച്ചശേഷം പിറ്റേന്നു പ്രഭാതത്തിൽ സിംഹക്കൂട്ടിലെത്തിയ ദാരിയൂസിനോടു ദാനിയേൽ പറഞ്ഞു: "തന്റെ മുമ്പിൽ ഞാൻ കുറ്റമറ്റവനാണെന്നു കണ്ടതിനാൽ എന്റെ ദൈവം ദൂതനെ അയച്ച് സിംഹങ്ങളുടെ വായ് അടച്ചു. രാജാവേ, നിന്റെ മുമ്പിലും ഞാൻ നിരപരാധനാണല്ലോ." അത്യധികം സന്തോഷിച്ച രാജാവ് ദാനിയേലിനെ കുഴിയിൽനിന്നുകയറ്റി. തന്റെ ദൈവത്തിൽ ആശ്രയിച്ചിരുന്നതുകൊണ്ട് അവന് ഒരു പോറൽപോലും ഏറ്റതായി കണ്ടില്ല. ദാനിയേലിനെ കുറ്റംവിധിച്ചവരെയും അവരുടെ ഭാര്യമാരെയും കുട്ടികളെയും രാജകല്പനപ്രകാരം സിംഹത്തിന്റെ കുഴിയിൽ എറിഞ്ഞു. കുഴിയുടെ അടിയിൽ എത്തുംമുമ്പേ സിംഹങ്ങൾ അവരെ അടിച്ചുവീഴ്ത്തി. അസ്ഥികൾ ഒടിച്ചുനുറുക്കി (ദാനിയേൽ 6:18–24).




തുടർന്ന്, ദാരിയൂസ്രാജാവ് ഭൂമിയിലുള്ള സകല ജനപദങ്ങൾക്കും ഭാഷക്കാർക്കും ഇപ്രകാരമെഴുതി: "എന്റെ അധികാരത്തിലുള്ള എല്ലാവരും ദാനിയേലിന്റെ ദൈവത്തിനുമുമ്പിൽ ഭയന്നുവിറയ്ക്കണമെന്ന് ഞാൻ വിളംബരം ചെയ്യുന്നു. എന്തെന്നാൽ, അവിടുന്നാണ് നിത്യനും ജീവിക്കുന്നവനുമായ ദൈവം. അവിടുത്തെ രാജ്യം ഒരിക്കലും നശിപ്പിക്കപ്പെടുകയില്ല. അവിടുത്തെ ആധിപത്യത്തിന് അവസാനമില്ല. അവിടുന്നു രക്ഷിക്കുകയും വീണ്ടെടുക്കുകയും ചെയ്യുന്നു. ആകാശത്തിലും ഭൂമിയിലും അവിടുന്ന് അടയാളങ്ങളും അദ്ഭുതങ്ങളും പ്രവർത്തിക്കുന്നു. അവിടുന്നാണ് ദാനിയേലിനെ സിംഹങ്ങളുടെ പിടിയിൽനിന്നു രക്ഷിച്ചത്". ദാരിയൂസിന്റെയും പേർഷ്യക്കാരനായ സൈറസിന്റെയും ഭരണകാലത്ത് ദാനിയേൽ ഐശ്വര്യപൂർവം ജീവിച്ചു (ദാനിയേൽ 6:25–28).

ദാനിയേൽ സിംഹക്കൂട്ടിലെറിയപ്പെട്ടത് 81-ാം വയസിലാണെന്നും, അതിനടുത്ത വർഷം അദ്ദേഹം മരണപ്പെട്ടുവെന്നും കണക്കാക്കിയിട്ടുണ്ട്. ബി സി 538 ലായിരിക്കും അദ്ദേഹത്തിന്റെ വിയോഗമെന്നാണ് ചരിത്രകാരന്മാരുടെ നിഗമനം.

അസ്സീറിയയുടെയും ബാബിലോണിന്റെയും ആക്രമണങ്ങളിൽ ചിതറിക്കപ്പെട്ട ഫിലിസ്ത്യരെക്കുറിച്ചു ജറെമിയായും ആമോസും പ്രവചിച്ചിരുന്നത് ശ്രദ്ധേയമാണ്: "ഫിലിസ്ത്യരെ ഉന്മൂലനം ചെയ്യുകയും ടയിറിലെയും സീദോനിലെയും അവരുടെ കൂട്ടാളികളെ വിച്ഛേദിക്കുകയും ചെയ്യുന്ന ദിനം വരുന്നു. കഫ്തോർതീരത്ത് അവശേഷിച്ച ഫിലിസ്ത്യരെ കർത്താവു നശിപ്പിക്കും. ഗാസാ ശൂന്യമായി, അഷ്കലോൺ നശിച്ചിരിക്കുന്നു. കർത്താവിന്റെ വാളേ, നീ എന്നു നിശ്ചലമാകും? അഷ്കലോണിനും സമുദ്രതീരത്തിനുമെതിരേ കർത്താവ് അതിനെ അയച്ചിരിക്കുന്നു" (ജറെമിയ 47:4–7).

കർത്താവ് അരുൾച്ചെയ്യുന്നു: "ഗാസാ ആവർത്തിച്ചു ചെയ്ത അതിക്രമങ്ങൾക്കുള്ള ശിക്ഷ ഞാൻ പിൻവലിക്കുകയില്ല. കാരണം, ഏദോമിനു വിട്ടുകൊടുക്കാൻവേണ്ടി ഒരു ജനത്തെ മുഴുവൻ അവർ തടവുകാരായി കൊണ്ടുപോയി. ഗാസായുടെ മതിലിന്മേൽ ഞാൻ അഗ്നി അയയ്ക്കും. അവളുടെ ശക്തിദുർഗങ്ങളെ അതു വിഴുങ്ങിക്കളയും. അഷ്ദോദിൽനിന്ന് അതിലെ നിവാസികളെ ഞാൻ വിച്ഛേദിക്കും, അഷ്കലോണിൽനിന്ന് ചെങ്കോലേന്തുന്നവനെയും. എക്രോണിനെതിരേ ഞാൻ കൈ ഉയർത്തും. ഫിലിസ്ത്യരിൽ അവശേഷിക്കുന്നവർ നശിക്കും" (ആമോസ് 1:6–8).


ഇസ്രയേൽജനം ചെയ്ത പാപങ്ങളും അതിക്രമങ്ങളും ഓർത്ത് അനുതപിക്കാനും, കർത്താവായ ദൈവത്തിലേക്കു തിരിയെച്ചെല്ലാനുമുള്ള പ്രവാചകരുടെ ആഹ്വാനം ബധിരകർണങ്ങളിലാണു പതിച്ചത്. അതിനാൽ ഇസ്രയേലിന്റെ നാശം കാലേകൂട്ടി ആമോസ് പ്രവാചകൻ വഴി അവിടുന്നു വെളിപ്പെടുത്തി:

*(ശേഷം 12-ാം പേജിൽ)*

# സ്വർഗത്തോളമെത്തിയ പുരോഹിതപുണ്യം

ഫാ. വർക്കി ചക്കാലയിൽ
സി.എം.ഐ.

## 2025 ഡിസംബർ 15 ന് ദൈവദാസൻ ബ്രൂണോ കണിയാരകത്തച്ചന്റെ 34–ാം ചരമവാർഷികം



**അ**ന്നൊരു ബുധനാഴ്ചയായിരുന്നു. കൃത്യമായി പറഞ്ഞാൽ 1923 മേയ് 20–ാം തീയതി ബുധനാഴ്ച. ചെത്തിപ്പുഴ തിരുഹൃദയ ആശ്രമദൈവാലയവും പരിസരവും അണിഞ്ഞൊരുങ്ങി, ഫ്ളക്സുകളോ കമാനങ്ങളോ ഇല്ലാതെതന്നെ. ഉച്ചഭാഷിണിയുമില്ലായിരുന്നു. മനോഹരമായ ദൈവാലയമുറ്റത്തേക്ക് ഒരുപറ്റം വിശ്വാസികൾ നടന്നെത്തി. അവർ ബഹുമാനപ്പെട്ട പ്രിയോരച്ചന്റെ നേതൃത്വത്തിൽ ചങ്ങനാശേരി മെത്രാൻ മാർ ജെയിംസ് കുര്യാളശേരിപ്പിതാവിനെ സ്വീകരിക്കാൻ ഒരുങ്ങിനിന്നു. വില്ലുവണ്ടിയിലാണ് പിതാവെത്തുക. അദ്ദേഹം എത്തുന്നത് സഭയിലെ ഏഴു ഡീക്കന്മാർക്ക് കുർബാനപ്പട്ടം കൊടുക്കുന്നതിനാണ്. ആ ഏഴു ഡീക്കന്മാരിൽ ഒരാൾ കഥാപുരുഷൻ ബ്രൂണോ കണിയാരകത്തായിരുന്നു. പുത്തൂർ ജോസഫ് ഏലിയാസ്, മുണ്ടകത്തിൽ ഇരനേവൂസ്, റാത്തപ്പള്ളിൽ തോബിയാസ്, കൊട്ടാരം ലീനൂസ്, പൈകട ലംബൈ, മാമ്പ്ര അലക്സിസ് എന്നിവരായിരുന്നു മറ്റ് ആറു ഡീക്കന്മാർ. കുര്യാളശേരിൽപ്പിതാവിൽനിന്നു വൈദികപട്ടം സ്വീകരിച്ച ബ്രൂണോ അച്ചൻ അടുത്തദിവസം മുത്തോലി ആശ്രമദൈവാലയത്തിൽ പ്രഥമബലിയർപ്പിച്ചു. വീടിനടുത്തുള്ള ആശ്രമദൈവാലയത്തിൽ പ്രഥമബലിയർപ്പിക്കുക എന്നതായിരുന്നു അക്കാലത്തെ രീതി. പ്രാർഥനയുടെയും ശുശ്രൂഷാപൗരോഹിത്യത്തിന്റെയും പുതിയൊരു കവാടം ബ്രൂണോ അച്ചൻ അവിടെ തുറക്കുകയായിരുന്നു.

പുരോഹിതൻ തന്റെ സ്വന്തമല്ല. അവൻ ദൈവത്തിനും ദൈവജനത്തിനും വേണ്ടി വില്ക്കപ്പെട്ടവനാണ്. ഈ ദർശനം പ്രായോഗികമാക്കിയ പുണ്യപുരോഹിതനായിരുന്നു ബ്രൂണോ അച്ചൻ. അദ്ദേഹത്തിന് സ്വന്തമായി ഒന്നുമില്ലായിരുന്നു. ഒന്നിനെയും സ്വന്തമാക്കാൻ ആഗ്രഹിച്ചുമില്ല. ലോകത്തിന്റെ വശ്യഭാവങ്ങളോട് അദ്ദേഹം മുഖംതിരിച്ചു. ''ശ്ലീഹന്മാരീ ലോകത്തിൻ വശ്യത കണ്ടു മയങ്ങാതെ ജിതമാനസരായി ജീവിച്ചു' എന്ന ആബേലച്ചന്റെ പ്രാർഥനാഗീതം മുൻകൂട്ടി ഹൃദയത്തിൽ മൂളിയിരുന്ന സർവസംഗപരിത്യാഗി! എല്ലാം ദൈവതിരുമനസ്സ്! അതനുസരിച്ച് എല്ലാം നിറവേറി എന്നു ധ്യാനിച്ചിരുന്ന ദൈവോന്മുഖൻ. ഇങ്ങനെയൊക്കെയായിരുന്നു ബ്രൂണോ അച്ചൻ എന്ന സന്ന്യാസപുരോഹിതൻ.

അറുപത്തിയെട്ടു വർഷത്തെ പൗരോഹിത്യജീവിതത്തിനിടയിൽ പതിനാറ് ആശ്രമങ്ങളിൽ ജപധ്യാനമന്ത്രങ്ങൾ ഉരുവിട്ട് ആത്മാവച്ചൻ ജീവിച്ചു. ഒരിടത്തുപോലും അധികാരത്തിന്റെ കസേരയിൽ അദ്ദേഹം ഇരുന്നില്ല. പ്രാർഥനയും ഉപവിശുശ്രൂഷകളുംകൊണ്ട് പരിപൂതമായിരുന്നു ആ ജീവിതം. One who meditates up on Brahman becomes brahman എന്ന് മുണ്ഡകോപനിഷത്തിൽ പറഞ്ഞിരിക്കുന്നതുപോലെ ഈശ്വരനെ ധ്യാനിച്ചു ധ്യാനിച്ച് ഈശ്വരഭാവമുള്ളവനായി മാറിയ മനുഷ്യനായിരുന്നു ബ്രൂണോ അച്ചൻ. അദ്ദേഹത്തിൽ തിളങ്ങിയിരുന്ന ദൈവികചൈതന്യം വിശ്വാസികൾ വേഗം തിരിച്ചറിഞ്ഞു. പ്രാർഥിക്കാനും വെഞ്ചരിക്കാനുമായി ഭക്തർ അച്ചന്റെ അടുക്കലേക്ക് കൂടക്കൂടെ എത്തിക്കൊണ്ടിരുന്നു. വീടുകളിൽ വണ്ടിന്റെ ശല്യമുള്ളവർ പ്ലാസ്റ്റിക് കൂട്ടിൽ മൂന്നാലു വണ്ടുകളെ കൊണ്ടുവരും. പാടത്തു ചാഴിശല്യമുള്ളവർ കുപ്പിയിൽ ചാഴിയെ കൊണ്ടുവരും. തെങ്ങിൻതോപ്പിൽ എലിയുടെയും അണ്ണാന്റെയും ശല്യമുള്ളവർ എലി കരണ്ട ചൊട്ടയ്ക്ക കൊണ്ടുവരും. ബ്രൂണോ അച്ചൻ പ്രാർഥിച്ച് അവയുടെമേൽ വിശുദ്ധജലം തളിക്കും. അവയെ എടുത്ത സ്ഥലത്തുതന്നെ തുറന്നുവിട്ടേക്കാൻ പറയും. മൂന്നുനാൾകൊണ്ട് കീടങ്ങളുടെ ശല്യം പാടേ തീരും. ഇത് എഴുതുന്ന ആൾതന്നെ ഈ സംഭവങ്ങൾക്കു സാക്ഷിയാണ്.

1986 ൽ കോളജ്പഠനത്തിന്റെ ഭാഗമായി കുര്യനാട് ആശ്രമത്തിൽ താമസിക്കാൻ എത്തിയപ്പോഴാണ് ബ്രൂണോ അച്ചനെ ആദ്യമായി ഞാൻ കാണുന്നത്. ആശ്രമത്തിന്റെ അകവും പരിസരവും കണ്ട ശേഷം പള്ളിയിലെത്തി. അവിടെ അതാ, അൾത്താരയ്ക്കു സമീപം മെലിഞ്ഞുണങ്ങിയ ഒരാൾ കൈവിരിച്ചുനിന്നു പ്രാർഥിക്കുന്നു. അത് ബ്രൂണോ അച്ചനായിരുന്നു. ആ രൂപം ഇന്നും എന്റെ മനസ്സിലുണ്ട്.

കാഴ്ചയിലാശ്ചര്യം തോന്നുമുട / ലൊട്ടിയ കവിളുകൾ കണ്ണുകളോ / പാതിയടഞ്ഞതി തീവ്രധ്യാനത്തിൽ / മുഴുകിയവനാ തിരുസന്നിധിയിൽ

ആകാരഭംഗിയില്ലെങ്കിലും ആ കൃശഗാത്രത്തിനുള്ളിലെ ആത്മശോഭ ആർക്കും ദൃശ്യമായിരുന്നു. കണ്ണുകൾ കുഴിഞ്ഞതായിരുന്നെങ്കിലും ദിവ്യശക്തി പ്രസരിപ്പിച്ചിരുന്നു. കവിളുകൾ ഒട്ടിയതായിരുന്നെങ്കിലും മാർദവമേറിയതായിരുന്നു. ജപധ്യാനങ്ങൾകൊണ്ട് ശുഷ്കിച്ചുപോയ ആ സന്ന്യാസിയെ ഭയഭക്തിബഹുമാനത്തോടെയാണ് ജനങ്ങൾ സമീപിച്ചിരുന്നത്. ബ്രൂണോ അച്ചൻ നടന്നുപോകുമ്പോൾ പീടികത്തിണ്ണയിൽ ഇരിക്കുന്ന വ്യക്തികൾ എഴുന്നേറ്റ് മുണ്ടു താഴ്ത്തിയിട്ട് തലയിലെ കെട്ടഴിച്ച് കൈകൂപ്പി നില്ക്കുമായിരുന്നു. അച്ചൻ ബസു കയറാൻ നില്ക്കുമ്പോൾ സമീപത്തെ കടയിൽനിന്നും സ്റ്റൂൾ കൊണ്ടുവന്ന് അച്ചനെ അതിന്മേൽ ഇരുത്തുമായിരുന്നു. ആത്മാവച്ചനെപ്പറ്റി പഴമക്കാർ പറയുന്ന സാക്ഷ്യങ്ങളാണിതൊക്കെ.

അതിരാവിലെ ഉറക്കമുണരുന്ന ബ്രൂണോ അച്ചൻ പ്രഭാതകർമങ്ങൾക്കുശേഷം ആശ്രമത്തിനുള്ളിലെ ചാപ്പലിൽ കുർബാന ചൊല്ലും. തുടർന്ന്

> **ഈശ്വരനെ ധ്യാനിച്ചു ധ്യാനിച്ച് ഈശ്വരഭാവമുള്ളവനായി മാറിയ മനുഷ്യനായിരുന്നു ബ്രൂണോ അച്ചൻ. അദ്ദേഹത്തിൽ തിളങ്ങിയിരുന്ന ദൈവികചൈതന്യം വിശ്വാസികൾ വേഗം തിരിച്ചറിഞ്ഞു.**

പ്രധാനദൈവാലയത്തിലെത്തി വൈദികർ പ്രാർഥിക്കുന്ന സ്ഥലത്ത് അദ്ദേഹത്തിനുള്ള കസേരയിൽ ഇരിക്കും. പ്രഭാതത്തിൽ രണ്ടു കുർബാനകളാണ് പള്ളിയിലുള്ളത്. ആ രണ്ടു കുർബാനയിലും ബ്രൂണോ അച്ചൻ പങ്കെടുക്കും. അങ്ങനെ ഒരു കുർബാന ചൊല്ലിയും രണ്ടു കുർബാനയിൽ പങ്കെടുത്തുമാണ് അച്ചൻ ഓരോ ദിവസവും ആരംഭിച്ചിരുന്നത്. പകൽമുഴുവൻ അദ്ദേഹം പ്രാർഥനയിലായിരിക്കും. ആ സമയത്ത് ആരു വന്നു വിളിച്ചാലും മടുപ്പില്ലാതെ അദ്ദേഹം എഴുന്നേറ്റുചെല്ലും. ചിലർക്ക് കുമ്പസാരിക്കണം, ചിലർക്കു വെഞ്ചരിക്കണം, ചിലർക്ക് ഉപദേശം വേണം മറ്റു ചിലർക്ക് പ്രശ്നം പരിഹരിച്ചുകിട്ടണം. ഓരോരുത്തർക്കും വേണ്ടത് അച്ചൻ ചെയ്തുകൊടുക്കും. ഉച്ചതിരിഞ്ഞ് മൂന്നര മണിയ്ക്കത്തെ കാപ്പിക്കുശേഷം അദ്ദേഹം നടക്കാനിറങ്ങും. ഓരോ ദിവസവും ദിശകൾ മാറിമാറിയാണ് അദ്ദേഹം നടന്നിരുന്നത്. സാവധാനത്തിലാണെങ്കിലും കിലോമീറ്ററുകൾ അദ്ദേഹം സഞ്ചരിക്കുമായിരുന്നു. ആരോഗ്യസംരക്ഷണമോ വിനോദമോ ആയിരുന്നില്ല അദ്ദേഹത്തിന്റെ നടപ്പിന്റെ ലക്ഷ്യം. പ്രാർഥനാപൂരിതമായ ആ സഞ്ചാരം ദരിദ്രരെ കാണാനും ഗ്രാമത്തെ വിശുദ്ധീകരിക്കാനുമായിരുന്നു. ദരിദ്രരുടെ വീടുകൾ അദ്ദേഹം കണ്ടുവച്ചിരുന്നു. ഏതു വീട്ടിലാണ് കയറേണ്ടതെന്നും അച്ചനറിയാമായിരുന്നു. ആറു മണിക്കു മുമ്പു തന്നെ നടപ്പ് പൂർത്തിയാക്കി അച്ചൻ ആശ്രമത്തിലെത്തും. സന്ധ്യാമണി അടിക്കുമ്പോൾ പ്രാർഥനയ്ക്കായി അച്ചൻ പള്ളിയിലുണ്ടായിരിക്കും.

ഇങ്ങനെ മുപ്പത്തിയയ്യായിരത്തി നാനൂറ്റിയഞ്ചു പകലുകൾ ദൈവത്തിനും ദൈവജനത്തിനും പ്രീതി നല്കിക്കൊണ്ട് ആത്മാവച്ചൻ ജീവിച്ചു. പതിനായിരങ്ങൾക്കു പാപമോചനം നല്കി. ആയിരങ്ങൾക്ക് മാമ്മോദീസാ നല്കി. നൂറുകണക്കിനു കുടുംബങ്ങളിൽ ശാന്തി പടർത്തി. അന്യജീവനുതകി സ്വജീവിതം ധന്യമാക്കിയ വിവേകിയായ ബ്രൂണോ അച്ചൻ നിത്യപുരോഹിതനായ ഈശോയുടെ പ്രതിരൂപമായി അറുപത്തെട്ടു വർഷക്കാലം പുരോഹിതശുശ്രൂഷ ചെയ്തു.

ബ്രൂണോ അച്ചൻ ശാരീരികമായി ഈ ലോകത്തോടു യാത്ര പറഞ്ഞിട്ട് മുപ്പത്തിനാലു വർഷമായെങ്കിലും അദ്ദേഹത്തിന്റെ അലൗകികസാന്നിധ്യം വിശ്വാസികൾ ഇന്നും തൊട്ടറിയുന്നു. ആത്മാവച്ചന്റെ വിശുദ്ധജീവിതം അടുത്തറിഞ്ഞിരുന്ന നാട്ടുകാർ (അതിൽ അന്യമതസ്ഥർ ധാരാളം) അദ്ദേഹത്തെ വിശുദ്ധനായി പ്രഖ്യാപിക്കാൻ നടപടികൾ സ്വീകരിക്കണമെന്നഭ്യർഥിച്ചുകൊണ്ട് ഒപ്പുകൾ ശേഖരിച്ച് ആശ്രമം പ്രിയോർക്കു കൊടുത്തു. അദ്ദേഹം അതു പാലാ രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ടുപിതാവിനെ ഏല്പിച്ചു. നാട്ടുകാരുടെ വിശ്വാസവും അഭ്യർഥനകളും ഗൗരവത്തോടും അതിലേറെ താത്പര്യത്തോടും കണ്ട പിതാവ് കമ്മിഷൻ രൂപീകരിക്കുകയും പഠിക്കുകയും ചെയ്തു. കമ്മിഷന്റെ റിപ്പോർട്ട് പ്രകാരം സഭാപരമായ നടപടികൾ സ്വീകരിച്ച് ആത്മാവച്ചനെ 2021 ഡിസംബർ 15–ാം തീയതി ദൈവദാസനായി പ്രഖ്യാപിച്ചു. ഈ പുണ്യപുരുഷന്റെ കബറിടത്തുങ്കൽ പ്രാർഥിക്കാനായി എത്തുന്നവരുടെ എണ്ണം ഏറിക്കൊണ്ടിരുന്നു. അനുഗ്രഹം ലഭിച്ചതിന്റെയും ഹൃദയസമാധാനം കിട്ടിയതിന്റെയും സാക്ഷ്യങ്ങളാണ് അവർക്കെല്ലാം പങ്കുവയ്ക്കാനുള്ളത്. ഈ പുരോഹിതപുണ്യത്തെ എത്രയുംവേഗം വിശുദ്ധനായി പ്രഖ്യാപിക്കാൻ ദൈവം ഇടവരുത്തട്ടെയെന്നു നമുക്കു പ്രാർഥിക്കാം. ■



ഡോ. ജസ്റ്റിൻ തോമസ്

കൗൺസെലിങ് കോർണർ

# തുണി തിന്നുന്ന പെൺകുട്ടി

“എന്റെ മോൾക്ക് തല്ലുകൊള്ളാനാണു യോഗം. പന്ത്രണ്ടു വയസ്സുള്ള കുട്ടിയല്ലേ? തുണി തിന്നരുത് എന്നു പറഞ്ഞാൽ അവൾ കേൾക്കില്ല. അവളുടെ അപ്പന്റെ ഷർട്ട് അവൾ കടിച്ചു മുറിച്ചു. വഴക്കുപറഞ്ഞാലും തല്ലിയാലും അവളതുതന്നെ ചെയ്യും. ഞങ്ങൾക്കറിയാവുന്ന ഒരു ചേട്ടൻ ഒരു സിദ്ധനെയും കൂട്ടി വന്നിരുന്നു. അദ്ദേഹം പറഞ്ഞത്, എന്തോ അവളുടെ ദേഹത്തു കൂടിയതാണെന്നാണ്. സാറിനെ ഒന്നു കണ്ടതിനുശേഷം ഒഴിപ്പിക്കാൻ പോകാമെന്നു കരുതി.” സാറായുടെ അമ്മ രജനി പറഞ്ഞ കാര്യങ്ങൾ കേട്ടപ്പോൾ അവരുടെ അറിവില്ലായ്മകൊണ്ടാണല്ലോ ഇത്രയും കാലം അവർ ആ കുട്ടിയെ വഴക്കു പറയുകയും തല്ലുകയും ചെയ്തത് എന്നോർത്തു! ഞാൻ കുട്ടിയുടെ അമ്മയോടു പറഞ്ഞു, ‘അവൾക്കു പൈക്ക(PICA) ആണ് എന്ന്.’ അവൾ ചിരിച്ചുകൊണ്ടു ചോദിച്ചു: “എന്താ ഈ പൈക്ക?”

**എന്തായിരുന്നു സാറായുടെ പ്രശ്നം?**

ഞാൻ കുട്ടിയുടെ അമ്മയോടു സൂചിപ്പിച്ച പൈക്ക എന്ന പ്രശ്നമായിരുന്നു സാറാ അഭിമുഖീകരിച്ചിരുന്നത്. ഈ പ്രശ്നമുള്ള ആളുകൾ പോഷകമൂല്യമില്ലാത്ത വസ്തുക്കൾ (ഭക്ഷണമല്ലാത്തവയും) കഴിക്കുന്നു. സാറയുടെ ആഭിമുഖ്യം തുണിയോടായിരുന്നു. ഇത് ഭക്ഷണക്രമക്കേട് എന്ന മാനസികപ്രശ്നത്തിൽ വരുന്നതാണ്. ഈറ്റിങ് ഡിസോർഡർ വ്യക്തിയുടെ മാനസിക-ശാരീരിക നിലകളെ സാരമായി ബാധിക്കും. ഇതൊരു ഭക്ഷണവുമായി ബന്ധപ്പെട്ട പെരുമാറ്റവൈകല്യം കൂടിയാണ്. പൈക്ക സാധാരണരീതിയിൽ ഉണ്ടാവുന്നത് ശരീരത്തിലെ പോഷകവസ്തുക്കളുടെ കുറവ്, മാനസികവളർച്ചയിലുണ്ടാകുന്ന തകരാറുകൾ, ചില മാനസികപ്രശ്നങ്ങൾ, ഗർഭധാരണം, പെട്ടെന്നുണ്ടാകുന്ന ഭയാനകമായ അവസ്ഥകൾ, ചില ശീലങ്ങൾ, സാമൂഹികശീലങ്ങൾ തുടങ്ങിയ ഏതെങ്കിലുമൊക്കെ കാരണങ്ങളാലാണ്. ഇവിടെ സാറായ്ക്ക് ഈ പ്രശ്നം ഉടലെടുക്കാൻ കാരണം ബെഡ്ഷീറ്റ് വായിലിട്ട് ചവച്ചുറങ്ങുന്ന ശീലമാണ്. തുണിയുടെ രുചി അവൾ ഉപബോധമനസ്സിൽ ഇഷ്ടപ്പെടുകയും അതില്ലാതെ മുമ്പോട്ടുപോകാൻ കഴിയാതാവുകയും ചെയ്തു.

**ഏതൊക്കെയാണ് മറ്റ് ഈറ്റിങ് ഡിസോർഡേഴ്സ്?**

സാറായുടെ പ്രശ്നം പൈക്ക ആയിരുന്നെങ്കിൽ ഈറ്റിങ് ഡിസോർഡറിന്റെ മറ്റ് അവസ്ഥകൾകൂടി അറിഞ്ഞിരിക്കുന്നതു നല്ലതാണ്. പൊതുവെ കാണുന്ന ആറു തരത്തിലുള്ള ഈറ്റിങ് ഡിസോർഡേഴ്സ് താഴെ ചേർക്കുന്നു.

- അമിതഭക്ഷണം ഇടവിടാതെ കഴിക്കുക.
- തൂക്കം വർദ്ധിക്കുമെന്ന ചിന്തയിൽ ഭക്ഷണം ഒഴിവാക്കുകയും അമിതവ്യായാമം ചെയ്യുകയും ചെയ്യുക.
- അമിതഭക്ഷണം കഴിക്കുകയും തൂക്കം കൂടാതിരിക്കാൻ അമിതവ്യായാമം ചെയ്യുകയും ചെയ്യുക
- പോഷകമൂല്യമില്ലാത്ത വസ്തുക്കൾ കഴിക്കുക
- ദഹിക്കാത്ത അല്ലെങ്കിൽ പെട്ടെന്നു ദഹിക്കാത്ത ഭക്ഷണസാധനങ്ങൾ കഴിക്കുക
- ഇഷ്ടമില്ലാത്ത ധാരാളം ഭക്ഷണസാധനങ്ങൾ ഉണ്ടായിരിക്കുകയും അവ ഒഴിവാക്കി വളരെ കുറച്ച് ഭക്ഷണസാധനങ്ങൾ മാത്രം കഴിക്കുകയും ചെയ്യുക.

മേൽസൂചിപ്പിച്ച ഈറ്റിങ് ഡിസോർഡേഴ്സ് ഒക്കെ ഒരു വ്യക്തിയുടെ ഏതു പ്രായത്തിൽ വേണമെങ്കിലും വന്നുചേരാം. ഇത്തരം പ്രശ്നങ്ങൾ ആരംഭത്തിൽത്തന്നെ കണ്ടെത്തിയാൽ പരിഹാരമാർഗം എളുപ്പമാണ്.



**സാറായുടെ പൈക്ക എങ്ങനെ പരിഹരിക്കപ്പെട്ടു?**

സാറാ പന്ത്രണ്ടു വയസ്സുള്ള കുട്ടി ആയിരുന്നതിനാലും ശീലം മുഖേന ആർജിച്ച ഡിസോർഡർ ആയിരുന്നതിനാലും അവളുടെ ഉപബോധമനസ്സിൽ നിന്നും തുണി കഴിക്കുവാനുള്ള ത്വര ഇല്ലാതാക്കുവാൻ തീരുമാനിച്ചു. ഇതിന് ഏറ്റവും ഉചിതം ഹിപ്നോതെറാപ്പി ആണെന്ന നിഗമനത്തിൽ എത്തിച്ചേർന്ന് അതു നടപ്പാക്കി. അതു വിജയിക്കുകയും ചെയ്തു. സാറയുടെ പ്രശ്നപരിഹാരത്തിനായി അവളുടെ മാതാപിതാക്കളും സഹോദരിയും പൂർണമായി സഹകരിച്ചു.

**ഈറ്റിങ് ഡിസോർഡേഴ്സ് ഉള്ള വ്യക്തികൾ എങ്ങനെ അമിതഡിപ്രഷനിലേക്കും ആത്മഹത്യാശ്രമങ്ങളിലേക്കും എത്തിച്ചേരുന്നു?**

മേൽ സൂചിപ്പിച്ച ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുമ്പോൾ സാറയുടെ മാതാപിതാക്കളുടെ അറിവില്ലായ്മ ഇവിടെ വിശദീകരിക്കുന്നത് ഉചിതമായിരിക്കും. സാറായുടെ മാതാപിതാക്കൾ കരുതിയത് അവൾ തുണി തിന്നുന്നത് അനുസരണക്കേടിന്റെ, അഹങ്കാരത്തിന്റെ ഭാഗമായാണ് എന്നാണ്. അവൾക്കുള്ള പ്രശ്നം ഒരു രോഗമാണെന്ന് അവർ ഒരിക്കലും മനസ്സിലാക്കിയിരുന്നില്ല. അതിനാൽത്തന്നെ മിക്ക ദിവസവും അവൾ മാതാപിതാക്കളിൽനിന്നു ശിക്ഷയും വഴക്കും മേടിച്ചിരുന്നു. സാറയും മാതാപിതാക്കളും ഒരു കൗൺസിലറെ കാണാൻ തയ്യാറായതുകൊണ്ടും ഞാൻ ഈ പ്രശ്നം അവർക്കു വിവരിച്ചു നൽകിയതുകൊണ്ടും അവരതു മനസ്സിലാക്കി, സാറ രക്ഷപ്പെട്ടു. മേൽസൂചിപ്പിച്ച തീരുമാനം അവർ എടുത്തില്ലായിരുന്നുവെങ്കിൽ സാറയെ ശിക്ഷിക്കുന്നത് മാതാപിതാക്കൾ തുടരുമായിരുന്നു! ശിക്ഷിക്കപ്പെട്ടാലും പ്രശ്നത്തിൽനിന്നു പുറത്തുകടക്കാൻ കഴിയാതെ വരുമ്പോൾ അത് അമിത ഉത്കണ്ഠയിലേക്കും ഡിപ്രഷനിലേക്കും സാറയെ നയിക്കുമായിരുന്നു. ഡിപ്രഷന്റെ പ്രധാനമായ ഇരുപത്തിയൊന്നു ലക്ഷണങ്ങളിൽ മാരകമായ ആത്മഹത്യാചിന്ത ഒരുപക്ഷേ, സാറയിലും പ്രത്യക്ഷപ്പെടാമായിരുന്നു! ഇത്തരം പ്രശ്നങ്ങൾ അനുഭവിക്കുന്ന വ്യക്തികളെല്ലാം കൗൺസലിങ്ങിന് എത്തിച്ചേരണമെന്ന് യാതൊരു നിർബന്ധവുമില്ല. അതിനാൽത്തന്നെ മേൽസൂചിപ്പിച്ച രീതിയിൽ ഇതു മാരകമാണ്.

**ഈറ്റിങ് ഡിസോർഡേഴ്സ് ഉള്ള വ്യക്തികൾ അഭിമുഖീകരിക്കുന്ന മറ്റു പ്രശ്നങ്ങൾ എന്തെല്ലാം?**

ഈ ലേഖനത്തിൽത്തന്ന നേരത്തേ സൂചിപ്പിച്ചതുപോലെ ആറുതരത്തിലുള്ള ഈറ്റിങ് ഡിസോർഡേഴ്സാണ് സാധാരണ കണ്ടുവരാറുള്ളത്. ഈ പ്രശ്നങ്ങളുടെ പൊതുവായ പ്രത്യാഘാതങ്ങൾ ചുവടെ ചേർക്കുന്നു.

- ശരീരഭാരം അമിതമായി കൂടുക.
- ശരീരഭാരം അമിതമായി കുറയുക.
- ശരീരത്തിനാവശ്യമായ ഭക്ഷണവും പോഷകങ്ങളും ലഭിക്കാതെ മരണമടയുക.
- ശരീരത്തിലെ ആന്തരികാവയവങ്ങളുമായി ബന്ധപ്പെട്ട രോഗങ്ങൾ ഉടലെടുക്കുക.
- അമിത ഉത്കണ്ഠ, ഡിപ്രഷൻ എന്നിവയാൽ ബുദ്ധിമുട്ടുകൾ.
- പഠനം, ജോലി, വീട്ടുകാര്യങ്ങൾ, കുടുംബാംഗങ്ങൾ തമ്മിലുള്ള ബന്ധങ്ങൾ എന്നിവയിൽ ഉലച്ചിൽ ഉണ്ടാകുക
- അപകർഷതാബോധവും ഒഴിഞ്ഞുമാറലും പ്രത്യക്ഷമാവുക.
- അമിതക്ഷീണവും ശരീരത്തെ ബാധിക്കുന്ന അനവധി രോഗങ്ങളും ഉണ്ടാവുക.

മേൽ സൂചിപ്പിച്ച കാര്യങ്ങൾ പൊതുവായി ഈറ്റിങ് ഡിസോർഡേഴ്സുമായി ബന്ധപ്പെട്ട് ഉണ്ടാകാവുന്നവയാണ്. പ്രത്യേകമായ ഈറ്റിങ് ഡിസോർഡർ ഏതാണ് ഒരു വ്യക്തിയെ ബാധിച്ചിരിക്കുന്നത് എന്നതിന്റെ അടിസ്ഥാനത്തിൽ അതുമൂലമുണ്ടാകുന്ന പ്രത്യാഘാതങ്ങളിൽ മാറ്റം വരും. അമിതഭക്ഷണം കഴിക്കുന്ന ഈറ്റിങ് ഡിസോർഡറിൽ പൊണ്ണത്തടി പ്രശ്നമായി വരുമ്പോൾ തൂക്കം കൂടുമെന്ന ഭയത്താൽ ഭക്ഷണം കഴിക്കാത്ത അവസ്ഥയിൽ തൂക്കം കുറഞ്ഞ് മരണംവരെ സംഭവിക്കാം.

**കൊച്ചുകുട്ടികൾ നിലത്ത്/ മുറ്റത്ത് കിടക്കുന്ന വസ്തുക്കൾ വായിലിട്ടു കഴിക്കുന്നത് ഈറ്റിങ് ഡിസോർഡർ ആണോ?**

മേൽസൂചിപ്പിച്ച ചോദ്യത്തിനുത്തരം ‘അല്ല’ എന്നതാണ്. മൂന്നുവയസ്സുവരെയുള്ള കുട്ടികളുടെ ഇത്തരം രീതികൾ ഈറ്റിങ് ഡിസോർഡറായി കണക്കാക്കേണ്ടതില്ല. അപകടകാരികളായ വസ്തുക്കൾ അവർ വായിലിടാതെ ശ്രദ്ധിച്ചാൽ മതി. ഇതു സംഭവിക്കുന്നത് അവരുടെ ആകാംക്ഷകൊണ്ടും രുചിച്ചറിയുവാനുള്ള കഴിവ് വർദ്ധിക്കേണ്ടതിനുവേണ്ടിയുമാണ്. കുഞ്ഞുങ്ങൾ അവരുടെ വായ, കാര്യങ്ങൾ മനസ്സിലാക്കി ഉപയോഗിക്കുന്നതിന്റെ ഭാഗം കൂടിയാണിത്.

**ഇന്ന് സാറായുടെ അവസ്ഥ എന്താണ്?**

ഇന്ന് സാറാ സന്തോഷവതിയാണ്. അവൾ പൂർണമായും പ്രശ്നത്തിൽ നിന്നു പുറത്തു കടന്നിരിക്കുന്നു. എന്നിരുന്നാൽക്കൂടിയും മൂന്നുമാസത്തിൽ ഒരിക്കൽ അവർ കാര്യങ്ങൾ വിശകലനം ചെയ്യുവാൻ എത്താറുണ്ട്. അവളുടെ ഭക്ഷണക്രമം ചിട്ടയായി തുടരുന്നു. പോഷകാംശക്കുറവ് ഇപ്പോൾ ഒരു പരിധിവരെ പരിഹരിക്കപ്പെട്ടിരിക്കുന്നു. അപ്പന്റെയും അമ്മയുടെയും ശിക്ഷകളുടെ മനസ്സിലെ മുറിവുണങ്ങാൻ പ്രത്യേക തെറാപ്പികളും പിന്നീട് കൊടുത്തിരുന്നു. ഒത്തിരി സ്നേഹത്തോടെ അവർ ജീവിതം മുമ്പോട്ടുനയിക്കുന്നു. ■



**വചനനാളം**

**ഡിസംബർ 21**
**മംഗലവാർത്തക്കാലം**
**നാലാം ഞായർ**

**പുറ 34:1–9**
**സഖ 2:7–13**
**വെളി 21:1–7**
**മത്താ 1:18–25**





# പുതിയ ആകാശവും പുതിയ ഭൂമിയും

**ഫാ. ഡോ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ**

ഈശോയുടെ പിറവിത്തിരുനാൾ ആചരിക്കുന്നതിന് ഏറ്റവും അടുത്ത ദിവസത്തിൽ നാം എത്തിയിരിക്കുകയാണ്. ദൈവപുത്രന്റെ മനുഷ്യാവതാരത്തിനായി മനുഷ്യകുലത്തെ ഒരുക്കിക്കൊണ്ടുവരുന്ന സംഭവങ്ങളാണ് ഈ ആഴ്ചകളിലെ വചനഭാഗങ്ങളിലെല്ലാം നാം ധ്യാനിച്ചിരുന്നത്. ഇന്ന്, വിശുദ്ധ മത്തായിയുടെ സുവിശേഷത്തിൽ യൗസേപ്പിതാവിനു ലഭിക്കുന്ന ദർശനമാണ് നാം ശ്രവിച്ചത്. ഈശോയെ സ്വീകരിക്കുന്നതിനായി വിശുദ്ധ യൗസേപ്പിനെ ഒരുക്കുന്നതാണ് നാം ഇവിടെ കാണുന്നത്.

വിശുദ്ധഗ്രന്ഥത്തിൽ, ദൈവത്തിന്റെ പ്രത്യേകമായ കൃപയാൽ ജനിക്കുന്ന പലരുടെയും ജനനത്തെക്കുറിച്ചുള്ള വിവരണങ്ങളുണ്ട്; ഇസഹാക്കും സാമുവേലും സ്നാപകയോഹന്നാനുമെല്ലാം അതിന് ഉദാഹരണങ്ങളാണ്. ഈശോയുടെ ജനനം അതിൽനിന്നെല്ലാം വ്യത്യസ്തമാണെന്നും അത് എന്തുകൊണ്ടാണെന്നും വിശുദ്ധ യൗസേപ്പിന് മാലാഖ നല്കുന്ന സന്ദേശത്തിലൂടെ സുവിശേഷകൻ നമ്മെ പഠിപ്പിക്കുന്നു. വിശുദ്ധ മത്തായിയുടെ സുവിശേഷം ഒന്നാം അധ്യായം 18 മുതൽ 24 വരെയുമുള്ള വചനങ്ങളാണ് ഇന്നത്തെ സുവിശേഷപ്രഘോഷണം. ഇതിനുമുമ്പുള്ള വചനങ്ങളുമായി (മത്തായി 1:1–17) ബന്ധപ്പെടുത്തി വേണം ഈ വചനഭാഗം വ്യാഖ്യാനിക്കാൻ. ഈശോമിശിഹായുടെ വംശാവലിയാണ് അവിടെ വിവരിക്കുന്നത്. ബൈബിളിന്റെ മലയാളവിവർത്തനങ്ങളിൽ ഈശോയുടെ വംശാവലി കാണുന്നത്, 'അബ്രാഹം ഇസഹാക്കിന്റെ പിതാവായിരുന്നു. ഇസഹാക്ക് യാക്കോബിന്റെയും യാക്കോബ് യൂദായുടെയും സഹോദരന്മാരുടെയും പിതാവായിരുന്നു...' എന്ന വിധത്തിലാണ്. എന്നാൽ, സുവിശേഷം എഴുതപ്പെട്ട ഗ്രീക്കുഭാഷയുടെ കൃത്യമായ വിവർത്തനം നടത്തുകയാണെങ്കിൽ അബ്രാഹം ഇസഹാക്കിനെ ജനിപ്പിച്ചു, ഇസഹാക്ക് യാക്കോബിനെ ജനിപ്പിച്ചു, യാക്കോബ് യൂദായെയും സഹോദരന്മാരെയും ജനിപ്പിച്ചു... എന്നാണു വരേണ്ടത്. അങ്ങനെ, വംശാവലിവിവരണത്തിൽ മുഴുവൻ, പിതാക്കന്മാർ മക്കളെ ജനിപ്പിച്ചു എന്നു വിവരിച്ചുവന്നതിനുശേഷം ഈശോയുടെ കാര്യം പറയുമ്പോൾ അവൻ ജനിച്ചു എന്നാണ് ഗ്രന്ഥകർത്താവ് എഴുതിയിരിക്കുന്നത്. ബാക്കിയെല്ലാവരെയും പിതാക്കന്മാർ ജനിപ്പിച്ചു എന്ന് എഴുതിയതിനുശേഷം ഈശോയുടെ കാര്യം മാത്രം ജനിച്ചു എന്ന് എഴുതിക്കൊണ്ട് ഈശോയുടെ ജനനത്തിലുള്ള അസാധാരണത്വം ഗ്രന്ഥകർത്താവ് എടുത്തുകാണിക്കുന്നു. തുടർന്ന്, യൗസേപ്പിനുണ്ടായ ദർശനം വിവരിച്ചുകൊണ്ട് ഈ അസാധാരണത്വം എങ്ങനെ സംഭവിച്ചു എന്നു വ്യക്തമാക്കുന്നു. അതിലൂടെ മിശിഹായുടെ ദൗത്യവും വ്യക്തിത്വവും എന്താണെന്നു വെളിപ്പെടുത്തുകയും ചെയ്യുന്നു. യൗസേപ്പിനെപ്പോലെ മറിയത്തെയും ഉണ്ണിയെയും സ്വീകരിക്കാൻ നമ്മെ ഒരുക്കുകയുമാണ് സുവിശേഷകൻ ഇന്നത്തെ വചനഭാഗത്തിലൂടെ ചെയ്യുന്നത്. മിശിഹാ ആരാണെന്നും അവന്റെ ദൗത്യം എന്താണെന്നുമാണ് അവനായി നിർദേശിക്കപ്പെടുന്ന പേരുകളിലൂടെ ഗ്രന്ഥകർത്താവ് വ്യക്തമാക്കുന്നത്.

വി. യൗസേപ്പിനോട് മാലാഖ പറയുന്നത് മറിയത്തിനു ജനിക്കുന്ന കുഞ്ഞിന് ഈശോ (രക്ഷകൻ) എന്നു പേരു നല്കാനാണ്. കാരണം, അവൾ ഗർഭം ധരിച്ചിരിക്കുന്നത് പരിശുദ്ധാരൂപിയാലാണ്. സുറിയാനി അഥവാ അറമായഭാഷയിലാണ് ഈശോ എന്ന പേര് ഉപയോഗിക്കുന്നത്. സുവിശേഷമെഴുതപ്പെട്ട ഗ്രീക്കുഭാഷയിൽ യേസൂസ് എന്നാണ് ഈ പേര്. യെഷുവാ എന്നാണ് ഹീബ്രുഭാഷയിൽ ഈ പേര്. യെഷുവാ എന്ന ഹീബ്രുപേരിനു സമാനമായി പഴയനിയമത്തിൽ ഉപയോഗിച്ചിരുന്നത് യഹോഷ്വാ എന്നായിരുന്നു. മോശയുടെ പിൻഗാമിയായി ഇസ്രയേൽജനത്തെ വാഗ്ദത്തനാട്ടിലേക്കു നയിച്ചത് യഹോഷ്വാ ആയിരുന്നു. അതാണ് ജോഷ്വാ എന്ന് മലയാളവിവർത്തനങ്ങളിൽ കാണുന്നത്. ജോഷ്വാ (യഹോഷ്വാ) എന്ന പേരിന്റെ അർഥം കർത്താവ് രക്ഷിക്കുന്നു എന്നാണ്. ആ പേര് മറിയത്തിന്റെ മകനു നല്കുമ്പോൾ അത് യെഷുവാ എന്നായി മാറി. യെഷുവാ എന്ന ഹീബ്രുപേരിന്റെ അർഥം അവൻ രക്ഷിക്കും എന്നാണ്. യഹോഷ്വാ, യെഷുവാ ആയി മാറുന്നതിലൂടെ വെളിപ്പെടുത്തുന്നത് പഴയനിയമത്തിൽ രക്ഷ നല്കിയിരുന്ന യാഹ്‌വേയുടെ ദൗത്യം തന്നെയാണ് മറിയത്തിൽനിന്നു പിറക്കുന്ന ശിശുവിനും ചെയ്യാനുള്ളത് എന്നാണ്. പിറക്കാനിരിക്കുന്ന ശിശുവിന്റെ ദൗത്യമാണ് ഈശോ എന്ന പേരിലൂടെ വെളിപ്പെടുത്തപ്പെട്ടത്. അവൻ തന്റെ ജനത്തെ പാപത്തിന്റെ അടിമത്തത്തിൽനിന്നു രക്ഷിക്കും.

അതേസമയം അവൻ അറിയപ്പെടുന്നത് ഇമ്മാനുവേൽ (ദൈവം നമ്മോടുകൂടെ) എന്നാണ്. ഈശോ എന്ന പേര് ശിശുവിന്റെ ദൗത്യം വെളിപ്പെടുത്തുമ്പോൾ ഇമ്മാനുവേൽ എന്നത് അവൻ ആരാണ് എന്നു വെളിപ്പെടുത്തുന്നതാണ്. അവൻ ദൈവമാണ്; ദൈവികദൗത്യം നിർവഹിക്കാൻ ഒരു മനുഷ്യവ്യക്തിയായി അവതരിച്ചപ്പോൾ അവന് ഈശോ എന്ന് പേരു നൽകി. മനുഷ്യനായി അവതരിച്ചവൻ ദൈവമായിരുന്നതുകൊണ്ട് ഇമ്മാനുവേൽ എന്നു വിളിക്കപ്പെട്ടു. അങ്ങനെ മറിയത്തിനു പിറക്കാനിരിക്കുന്നവൻ ദൈവവും മനുഷ്യനുമാണെന്നു തിരുവചനം വെളിപ്പെടുത്തുന്നു. ദൈവമായവൻ മനുഷ്യനായി അവതരിക്കുന്നത് പുരുഷേച്ഛയിൽനിന്നല്ല; മറിച്ച്, സകലവും സൃഷ്ടിച്ച വചനംതന്നെ മറിയത്തിൽ ഉരുവായിരിക്കുന്നു എന്ന് മാലാഖ വെളിപ്പെടുത്തുന്നു. അതുകൊണ്ടാണ് തിരുവചനത്തിൽ, വംശാവലിവിവരണത്തിൽ മറ്റെല്ലാ വ്യക്തികളും മനുഷ്യരായ പിതാക്കന്മാരാൽ ജനിപ്പിക്കപ്പെട്ടു എന്നു പറയുമ്പോൾ ഈശോ ജനിച്ചു എന്നു പറയുന്നത്.

> **അപ്പമായി അവതരിക്കുന്ന മിശിഹാ ഇന്നും അവിടുത്തേക്കായി പ്രവർത്തിക്കാൻ ജോസഫുമാരെയും മേരിമാരെയും യോഹന്നാന്മാരെയും അന്വേഷിക്കുന്നുണ്ട്, സമ്മതം ചോദിക്കുന്നുണ്ട്. മറിയം ഈശോയെ സ്വീകരിച്ചതുപോലെ, യൗസേപ്പ് മറിയത്തിനെയും ശിശുവിനെയും സ്വീകരിച്ചതുപോലെ വിശുദ്ധ കുർബാനയിൽ അവതരിക്കുന്ന മിശിഹായെ സ്വീകരിക്കാൻ നമുക്കു സാധിക്കണം. അപ്പോൾ മിശിഹാ നമ്മിൽ രൂപമെടുക്കുകയും, മിശിഹാ നമ്മിലൂടെ ലോകത്തിൽ ജനിക്കുകയും ചെയ്യും.**

ഇന്നത്തെ പഴയനിയമപ്രഘോഷണങ്ങളും കൂടെയായിരിക്കുന്ന; രക്ഷിക്കുന്ന ദൈവത്തെക്കുറിച്ചാണ്; ഇമ്മാനുവേൽ ആയ ദൈവത്തെക്കുറിച്ചാണ് പറയുന്നത്. പുറപ്പാടുപുസ്തകം 34:1–9 ൽ കാണുന്നത്, സീനായ് മലയിൽ ദൈവം ഇറങ്ങിവന്ന് അവരുടെ അടുക്കൽ ആയിരിക്കുന്നതും, കർത്താവ് എന്ന തന്റെ നാമം പ്രഖ്യാപിക്കുന്നതും. ഇസ്രയേലിന്റെ ദൈവം എപ്രകാരമുള്ള ഒരു ദൈവമാണ് എന്നു വെളിപ്പെടുത്തുന്നതുമാണ്. അവിടുന്ന് കാരുണ്യവാനും നീതിമാനുമാണ്. അവിടുത്തെ നീതി കാരുണ്യത്തിൽ ഉൾച്ചേർന്നതാണ്.

സഖറിയായുടെ പുസ്തകത്തിൽനിന്നുള്ള പ്രഘോഷണത്തിലും (2:7–13) ബാബിലോൺ അടിമത്തത്തിലായിരിക്കുന്ന യഹൂദജനത്തെ രക്ഷിക്കുന്നതിനുവേണ്ടിയുള്ള കർത്താവിന്റെ ഇടപെടലും അവിടുന്നു നല്കുന്ന രക്ഷയെക്കുറിച്ചുമാണ് പ്രതിപാദിക്കുന്നത്. ഇസ്രയേലിന്റെ ശിക്ഷയുടെ നാളുകൾ അവസാനിച്ചെന്നും രക്ഷയുടെ കിരണം വീശിത്തുടങ്ങിയെന്നും സൂചിപ്പിക്കുന്ന ഏഴു ദർശനങ്ങളുടെ വിവരണമാണ് സഖറിയായുടെ പുസ്തകത്തിന്റെ ആദ്യ അധ്യായങ്ങളിൽ ഉള്ളത്. അതിൽ ഒരു ദർശനമാണ് സഖറിയായുടെ പുസ്തകത്തിൽനിന്നു വായിക്കുന്നത്. പുറപ്പാടുപുസ്തകത്തിൽനിന്നുമുള്ള വായനയിൽ കൂടെയായിരിക്കുന്ന (ഇമ്മാനുവേൽ) ദൈവത്തെയും സഖറിയായുടെ പുസ്തകത്തിൽനിന്ന് രക്ഷകനായ (ഈശോ) ദൈവത്തെയും കാണാം. രക്ഷകനായ ദൈവം മനുഷ്യരുടെയിടയിൽ വസിച്ചതാണ് ക്രിസ്മസ്.

വെളിപാടുപുസ്തകത്തിൽനിന്നുമുള്ള പ്രഘോഷണത്തിൽ (21:1–7) കാണുന്നതും ദൈവത്തോടുകൂടെയായിരിക്കുന്നതിനെക്കുറിച്ചുള്ള സന്ദേശം തന്നെയാണ്. മിശിഹായുടെ മനുഷ്യാവതാരത്തിന്റെ ലക്ഷ്യംതന്നെ അവിടെ വ്യക്തമാക്കുന്നു; പുതിയ ആകാശവും പുതിയ ഭൂമിയും. മിശിഹായാൽ രക്ഷിക്കപ്പെടുന്ന മനുഷ്യകുലം ദൈവമക്കളെന്ന നിലയിൽ നിത്യവും അവിടുത്തോടുകൂടെയായിരിക്കും. ആ പ്രത്യാശയാണ് ലേഖനഭാഗം നമുക്കു നല്കുന്നത്.

ദൈവത്തിന്റെ മനുഷ്യാവതാരത്തോടു സഹകരിക്കാൻ പ്രത്യേകമായി തിരഞ്ഞെടുക്കപ്പെട്ട വ്യക്തികളായിരുന്നു യൗസേപ്പും മറിയവും സ്നാപകയോഹന്നാനുമെല്ലാം. അവരുടെ സമ്മതത്തോടും സഹകരണത്തോടുംകൂടെയാണ് ദൈവം മനുഷ്യനായി പിറക്കുന്നത്. അങ്ങനെ രക്ഷാകരപദ്ധതിയിൽ മറിയത്തിനും യൗസേപ്പിനും, യോഹന്നാനുമൊക്കെ പ്രത്യേക സ്ഥാനവും ഉത്തരവാദിത്വവുമുണ്ടായി. മിശിഹായുടെ രക്ഷാകരപദ്ധതിയുടെ തുടർച്ച ഇന്ന് സഭയിലൂടെ നടക്കുന്നു. സഭയിലൂടെ മിശിഹാ ഇന്നും സന്നിഹിതനാകുന്നു. അതിനുവേണ്ടി അവിടുന്ന് അപ്പമായി മാറുകയും ഇന്നും അൾത്താരകളിൽ അർപ്പിക്കുന്ന അപ്പത്തിൽ അവതരിക്കുകയും ചെയ്യുന്നു. അപ്പമായി അവതരിക്കുന്ന മിശിഹാ ഇന്നും അവിടുത്തേക്കായി പ്രവർത്തിക്കാൻ ജോസഫുമാരെയും മേരിമാരെയും യോഹന്നാന്മാരെയും അന്വേഷിക്കുന്നുണ്ട്, സമ്മതം ചോദിക്കുന്നുണ്ട്. മറിയം ഈശോയെ സ്വീകരിച്ചതുപോലെ, യൗസേപ്പ് മറിയത്തിനെയും ശിശുവിനെയും സ്വീകരിച്ചതുപോലെ വിശുദ്ധ കുർബാനയിൽ അവതരിക്കുന്ന മിശിഹായെ സ്വീകരിക്കാൻ നമുക്കു സാധിക്കണം. അപ്പോൾ മിശിഹാ നമ്മിൽ രൂപമെടുക്കുകയും, മിശിഹാ നമ്മിലൂടെ ലോകത്തിൽ ജനിക്കുകയും ചെയ്യും. അതാണ് ക്രിസ്മസ്കാലം പങ്കുവയ്ക്കുന്ന മംഗളവാർത്ത!

■

നോവൽ 20



# മിഴിയിതൾപ്പൂക്കൾ

ജോർജ് പുളിങ്കാട്

"ഹലോ... മിസ്റ്റർ റോണിയാണോ?"

"അതെ. ആരാ വിളിക്കുന്നെ?"

"ഞാൻ സുധീഷ് മേനോൻ. ഓസ്ട്രേലിയയിൽനിന്നു വിളിക്കുകാ."

"എന്താ കാര്യം?"

"എന്റെ വീട്ടിലാണു താങ്കൾ വാടകയ്ക്കു താമസിച്ചുവരുന്നത്. കരാറെഴുതി എല്ലാ ഏർപ്പാടുകളുമാക്കിയത് നാട്ടിലുള്ള എന്റെ കസിനായ സുരേഷാണ്."

"സുരേഷിനെ അറിയാം. ഇന്നലെ എന്നെ വന്നു കണ്ടിരുന്നു. ഒരു... ഒരു മാസംകൂടി ഇവിടെ താമസിക്കാൻ എന്നെ അനുവദിക്കണം."

"അതു ബുദ്ധിമുട്ടാണ്. താങ്കൾ ഇത്തരക്കാരനാണെന്നറിഞ്ഞിരുന്നെങ്കിൽ വാടകയ്ക്കു തരില്ലായിരുന്നു. ഇനിയെന്റെ വീടിന്റെയും സ്ഥലത്തിന്റെയും വില പോയി. ഇതു വിൽക്കാനോ, വാടകയ്ക്കു കൊടുക്കാനോ ബുദ്ധിമുട്ടാകും. ടി.വി.യിലും പത്രങ്ങളിലുമൊക്കെ എന്റെ വീടിന്റെ പടംവന്നു. വലിയ ഡാമേജാണുണ്ടാക്കിയത്."

"ഒന്നും മനഃപൂർവമല്ലല്ലോ. സംഭവിച്ചുപോയതാ."

"നിങ്ങളോട് ഒരു സിമ്പതിയും എനിക്കില്ല. എത്ര മിടുക്കിക്കുട്ടിയായിരുന്നു തന്റെ ഭാര്യ. അതിനെ ഇല്ലാതാക്കിയല്ലൊ. എത്രയും പെട്ടെന്ന് ഇറങ്ങിമാറിയില്ലെങ്കിൽ ഞാൻ നിയമനടപടി സ്വീകരിക്കും." അങ്ങനെ പറഞ്ഞ് സുധീഷ് മേനോൻ ഫോൺ കട്ടാക്കി.

റോണി ശരിക്കും പ്രതിസന്ധിയിലായി. പെട്ടെന്നൊരു വീടു സംഘടിപ്പിക്കുക എളുപ്പമല്ല. സമൂഹത്തിനു മുമ്പിൽ താനൊരു കുഴപ്പക്കാരനാണ്. ചേച്ചിയുടെ നിർബന്ധംമൂലം പപ്പാ ഇവിടെവന്ന് വീട്ടിലേക്കു ക്ഷണിച്ചതാണ്. വരില്ലെന്നു കട്ടായം പറഞ്ഞുവിട്ടു. മൂന്നുദിവസമായി റോണി ഈ വീട്ടിൽ തനിച്ചാണ്. ഷേർലിച്ചേച്ചി പപ്പായെ സഹായിക്കാനായി വീട്ടിലേക്കു പോയിരിക്കുന്നു. തനിയെ കഴിഞ്ഞ മൂന്നുദിവസവും അവനു രാത്രി ഉറങ്ങാൻ കഴിഞ്ഞിരുന്നില്ല. ചിന്തകളാണ്. പേടിപ്പെടുത്തുന്ന ഓർമകളാണ്. തെല്ലൊരു ആശ്വാസത്തിനായി റോണി അരുണിന്റെ നമ്പർ ഡയൽ ചെയ്തു. അവനെ ലൈനിൽകിട്ടി.

"ഹലോ... അരുണേ, നീയിപ്പഴെവിടെയാ."

"ഞാനോഫീസിൽ. നീയിന്നും ലീവിലാണോ?"

"അതെ. നല്ല സുഖമില്ലായിരുന്നു. അതിനിടയ്ക്ക് ചില പ്രശ്നങ്ങളും."

"എന്താടാ പുതിയ പ്രശ്നം?"

"വീടിന്റെ ഓണറ് ഓസ്ട്രേലിയേന്നു വിളിച്ചു. ഉടനെ വീടൊഴിയണോന്ന്."

"എന്താ തീരുമാനം?"

"ഒരു മാസംകൂടെയെങ്കിലും നീട്ടിത്തരാമോയെന്നു ചോദിച്ചു. സമ്മതിക്കുന്നില്ല. ആളാകെ ദേഷ്യത്തിലാ. വീടിന്റെ മാർക്കറ്റ് പോയെന്ന്."

"അതു ശരിയാ. നീയിവിടുന്നു മാറിയാൽ വേറെയാരും ഇതു വാടകയ്ക്കെടുക്കുമെന്നു തോന്നുന്നില്ല."

"അവർക്കിത് കിട്ടുന്ന വിലയ്ക്കു വിൽക്കണോന്നാ."

"നീയിനി വേറെ വാടകവീട് തിരയുകയൊന്നും വേണ്ട. വാശികളഞ്ഞ് സ്വന്തം വീട്ടിൽ ചെന്ന് താമസിക്കാൻ നോക്ക്."

"അരുണേ, ഞാൻ വിചാരിച്ചത് ജീനാ കൂടെയുള്ളപ്പം പപ്പാ മനസ്സുമാറി ഞങ്ങളെ വീട്ടിലേക്കു കൂട്ടിക്കൊണ്ടു പോകുമെന്നാ. അവളുടെ സ്നേഹോം, പരിചരണോം ഒക്കെയാകുമ്പം എല്ലാരുംകൂടി സന്തോഷത്തോടെ ജീവിക്കാമെന്നു കരുതി. അതൊന്നുമുണ്ടായില്ല."

"എടാ, പപ്പായും മമ്മിയും നിന്റെ ഷേർലിച്ചേച്ചിയും നീ കാരണം ഒത്തിരി സഹിച്ചു. ഇനിയെങ്കിലും കഴിഞ്ഞതൊക്കെ മറന്ന് ഒരുമയോടെ ജീവിക്കാൻ നോക്ക്. ജീനായുടെ ആത്മാവും അതു കാണാനായിരിക്കും ആഗ്രഹിക്കുന്നത്."

"ജീനായോടൊപ്പം എട്ടുമാസം ജീവിച്ച ഈ വാടകവീടും പരിസരങ്ങളുമുപേക്ഷിച്ച് ഞാൻ തനിയെ, അവളെ ആട്ടിയിറക്കിയ ഇടത്തേക്ക് കയറിച്ചെല്ലണമെന്ന്! വയ്യടാ."

"ആദ്യം കുറച്ച് പ്രയാസമൊക്കെയുണ്ടാകും. പിന്നെ കുറയും. ഒടുവിൽ എല്ലാം മറക്കും. ജീവിതം അങ്ങനെയാ."

ഞാൻ വീട്ടിലേക്കു തിരിച്ചുപോകാമെടാ. ഇപ്പോൾ എന്റെ മുമ്പിൽ മറ്റു വഴികളില്ല. നിർത്തുകാ." റോണി ഫോൺ കട്ടാക്കി.

പിറ്റേന്നു രാവിലെ ഒൻപതുമണിയായപ്പോൾ, ഹൗസ്ഓണറുടെ ബന്ധുവായ സുരേഷ് റോണിയെ കാണാനെത്തി. വീട് വിട്ടൊഴിയാനുള്ള സന്നദ്ധത റോണി അയാളെ അറിയിച്ചു. സെക്യൂരിറ്റിത്തുക മുഴുവനായും സുരേഷ് റോണിക്കു തിരികെക്കൊടുത്തു.

"നിങ്ങള് ചെറുപ്പക്കാരാണ്. വിവരോം വിദ്യാഭ്യാസോമുള്ളവരാണ്, മറ്റു കുഴപ്പങ്ങളൊന്നുമുണ്ടാക്കുകേല എന്നൊക്കെ കരുതിയാ, കൂടുതലൊന്നും അന്വേഷിക്കാതെ വാടകയ്ക്കു തന്നത്. ഇനിയിപ്പം പെട്ടെന്നൊന്നും ഇതിന്റെ വില്പനപോലും നടക്കുകേല. അവള് മരിച്ചുകെടന്ന മുറി പോലീസ് സീൽ ചെയ്തിരിക്കുകല്ലേ? കേസിന്റെ അന്വേഷണം പൂർത്തിയാകാതെ വിൽക്കുന്ന കാര്യം ഒരുത്തനോടും പറയാനും പറ്റില്ല." സുരേഷ്, റോണിയെ കുറ്റപ്പെടുത്തി. അവന് ഒരു വാക്കുപോലും മറുപടി പറയാൻ കഴിഞ്ഞില്ല.

ആ വീട്ടിൽ റോണിയുടെയും ജീനായുടേതുമായ ഒരുപാടു വസ്തുക്കളുണ്ട്. എല്ലാം അടുക്കിവയ്ക്കണം. അവൾ മരിച്ചു കിടന്ന മുറി പോലീസ് സീൽ ചെയ്തിരിക്കുന്നതിനാൽ അതിലുള്ളതൊന്നും എടുക്കാനാവില്ല. റോണി വീടൊഴിഞ്ഞുപോകാൻ നിശ്ചയിച്ചിരുന്നത് ഒരു അവധി ദിവസമായതിനാൽ സഹായത്തിനായി അരുണും വിവേകും വന്നു.

"അരുണേ, ഇവിടുന്ന് അത്യാവശ്യമുള്ളതൊക്കെയേ എടുക്കുന്നുള്ളൂ. ബാക്കി ഇവിടെ കിടക്കട്ടേ. ഹൗസ് ഓണർ എന്തൊന്നു വച്ചാ ചെയ്യട്ടെ." റോണി പറഞ്ഞു.

"റോണീ, ജീനായുടെ വസ്ത്രങ്ങൾ ഒത്തിരിയുണ്ടല്ലോ. ഇതൊക്കെ വാരിക്കൂട്ടി വീട്ടുവളപ്പിലിട്ട് കത്തിച്ചുകളയുകല്ലേ നല്ലത്."

"എനിക്ക്... എനിക്കതു വയ്യടാ... അവളെ ഞാൻതന്നെ കത്തിക്കുന്നതുപോലെ തോന്നും. വയ്യ... ഒന്നും വയ്യ." റോണി വിങ്ങിപ്പൊട്ടി.

"ഇവിടെ അതെല്ലാം കൂട്ടിയിട്ടിട്ടു പോകുന്നതിനേക്കാൾ നല്ലത് കത്തിച്ചുകളഞ്ഞിട്ടു പോകുന്നതായിരിക്കും. റോണി എല്ലാമൊന്ന് എടുത്തു കൂട്ടിയിട്ടാൽ മതി. വെഷമമുള്ള കാര്യമാണെങ്കിലും ഞാനതു കത്തിക്കാം. ആരെങ്കിലും അതു ചെയ്യാതെ വയ്യല്ലോ." വിവേക് പറഞ്ഞു.

ജീനായുടെ ഇഷ്ടപ്പെട്ട ചുരിദാറുകളും ഷോളുകളും കഠിനനൊമ്പരത്തോടെ റോണി പെറുക്കിക്കൂട്ടി. ബർത്ത് ഡേ പ്രസന്റായി അവൻ വാങ്ങിച്ചുകൊടുത്ത വയലറ്റ് ചുരിദാറും വെള്ളഷോളും മാറോടു ചേർത്തമർത്തി റോണി പൊട്ടിക്കരഞ്ഞു. അരുൺ അവന്റെ ചുമലിൽ തട്ടി ആശ്വസിപ്പിച്ചുകൊണ്ട് അതു വാങ്ങി മറ്റുള്ളവയുടെ കൂട്ടത്തിലേക്കിട്ടു. അരുണും വിവേകുംകൂടിയാണ് ജീനായുടെ വസ്ത്രങ്ങളെല്ലാം പുറത്തേക്കു കൊണ്ടുപോയത്. മുറ്റത്തരുകിലിട്ട് ലാമ്പുകൊണ്ട് വിവേക് അതിൽ തീ പടർത്തി.

ഉച്ചകഴിഞ്ഞ് രണ്ടുമണിയോടെ വാടകവീടൊഴിയുന്നതിനുള്ള എല്ലാ കാര്യങ്ങളും പൂർത്തിയാക്കി. പ്രധാനവാതിൽ പൂട്ടി താക്കോൽ സുരേഷിന്റെ കൈയിൽ കൊടുത്തപ്പോൾ റോണി പിന്നെയും വിതുമ്പി. റോണിക്കുവേണ്ടതെല്ലാം പിക്കപ്പ് വാനിൽ കയറ്റിയിരുന്നു. ഡ്രൈവർ വാനിൽക്കയറി. റോണി ഡ്രൈവർക്കു വഴി പറഞ്ഞുകൊടുത്തു. റോണിയുടെ കാർ അരുണാണ് ഓടിക്കുന്നത്. കാർ മുമ്പിലും പിക്കപ്പ്‌വാൻ പിമ്പിലുമായി ഗേറ്റുകടന്നു. റോണി ഒരിക്കൽക്കൂടി ആ വീടിനു നേരേ തിരിഞ്ഞുനോക്കി. ഇനി ഒരുനാൾ പടിയിറങ്ങിയ സ്വന്തം വീട്ടിലേക്ക്!



* * * *

മേടയ്ക്കൽ ബംഗ്ലാവിന്റെ മുറ്റത്തേക്ക് പൊലീസ് ജീപ്പ് ഇരച്ചെത്തിനിന്നു. സിറ്റൗട്ടിലെ ചൂരൽ കസേരയിൽ മാത്തുക്കുട്ടിയിരിപ്പുണ്ടായിരുന്നു. അയാൾ ഷർട്ടിട്ടിരുന്നില്ല. ബനിയനാണിട്ടിരുന്നത്. വെട്ടേറ്റ തോൾഭാഗത്ത് സ്റ്റിച്ചിട്ട് മരുന്നു വച്ചുകെട്ടിയിട്ടുണ്ട്.

സി.ഐ. മോഹൻകുമാർ ജീപ്പിൽനിന്നിറങ്ങി സിറ്റൗട്ടിലേക്കു നടന്നുകയറിയപ്പോൾ മാത്തുക്കുട്ടി എഴുന്നേൽക്കാൻ ഭാവിച്ചു.

"വേണ്ട... അവിടെത്തന്നെയിരുന്നോളൂ." സി.ഐ. മോഹൻകുമാർ പറഞ്ഞു.

"സാറ്... ആ കസേരയിലേക്കിരിക്ക്." മാത്തുക്കുട്ടി ആതിഥ്യമര്യാദ കാട്ടി.

മോഹൻകുമാർ കസേര, മാത്തുക്കുട്ടിയുടെയടുത്തേക്കു നീക്കിയിട്ട് അതിൽ കടന്നിരുന്നു.

"മകനെ ഇങ്ങോട്ടു കൊണ്ടുപോന്നു... അല്ലേ?" സി.ഐ. തിരക്കി.

"കൊണ്ടുവന്നതല്ല. ഹൗസ് ഓണർ വാടകവീട്ടീന്നെറക്കി വിട്ടു. മറ്റു നിവൃത്തിയില്ലാതെ വന്നപ്പോൾ തനിയെ കയറിവന്നതാ." മാത്തുക്കുട്ടി പറഞ്ഞു.

"അതെന്തുമാകട്ടെ. ഇപ്പോൾ നമുക്കതൊരു പ്രശ്നമല്ല. മിസ്റ്റർ മാത്തുക്കുട്ടിയെ വീട്ടിൽകയറി വെട്ടിപ്പരിക്കേൽപ്പിച്ചതിന് പാലച്ചുവട്ടിൽ ജോസിനെതിരെയും കേസെടുത്തിട്ടുണ്ട്. അയാൾ മനോരോഗിയാണെങ്കിൽക്കൂടിയും ഇപ്പോൾ അറസ്റ്റിലും പോലീസ് കസ്റ്റഡിയിലുമാണ്." സി.ഐ. പറഞ്ഞു.

"അതിന് ഞാനയാൾക്കെതിരെ പരാതി തന്നിട്ടില്ലല്ലോ? പിന്നെന്തിനാ കേസെടുത്തത്."

"ഒരു ക്രൈം നടന്നാൽ പോലീസെത്തും. എഫ്.ഐ.ആർ. ഇടും. പ്രതിയെന്നു ബോധ്യമുള്ളയാൾക്കെതിരെ കേസെടുക്കുകയും ചെയ്യും."

"പാലച്ചുവട്ടിൽ ജോസിന്റെ മകളെ, എന്റെ മകന്റെ ഭാര്യയെ ഞാൻ കൊല്ലിച്ചതാണെന്ന് സംശയിക്കുന്നത് സാറല്ലേ?"

"താങ്കളെ പ്രതി ചേർത്ത് കേസു തന്നത് പാലച്ചുവട്ടിൽ ജോസിന്റെ മകൻ ടോണിയാണ്. ചോദ്യം ചെയ്തപ്പോൾ അക്കാര്യം സൂചിപ്പിക്കുകയായിരുന്നു."

"സാറേ, ഞാൻ മരണത്തെ തൊട്ടുമുമ്പിൽക്കണ്ടയാളാ. ആ ഭ്രാന്തന്റെ വെട്ട് അല്പമൊന്നു മാറിയിരുന്നെങ്കിൽ ഇന്നു ഞാനില്ല. നിങ്ങടെയൊക്കെ പീഡനം ഇങ്ങനെ സഹിക്കേണ്ടിവരികയില്ലായിരുന്നു." മാത്തുക്കുട്ടി രോഷത്തോടെ പറഞ്ഞു.

"മിസ്റ്റർ മാത്തുക്കുട്ടീ... ഞാൻ നിങ്ങളാരെയും മനഃപൂർവം പീഡിപ്പിച്ചിട്ടില്ല. ഞാനിപ്പോൾ വന്ന കാര്യം പറയട്ടെ."

"പറയ്.'

"ഇവിടെ പ്രധാനപ്പെട്ട ഒരു കേസിന്റെ അന്വേഷണം നടക്കുന്നതിനിടയിലാണ് പാലച്ചുവട്ടിൽ ജോസ് മാത്തുക്കുട്ടിയുടെ വീട്ടിൽ അതിക്രമിച്ചുകയറി അക്രമം നടത്തിയത്. ക്രിമിനൽ കേസായതുകൊണ്ട് പ്രതിയെ അറസ്റ്റ് ചെയ്ത് വിലങ്ങുവച്ച് സംഭവസ്ഥലത്തുകൊണ്ടുവന്ന് തെളിവെടുപ്പു നടത്തേണ്ടതാണ്. പ്രതി മനോരോഗിയായതുകൊണ്ട് ഇതൊക്കെ നടത്താൻ ബുദ്ധിമുട്ടാണ്. കുറ്റം തെളിഞ്ഞാലും മനോരോഗിയായതിനാൽ ശിക്ഷിക്കാനാവില്ല. അക്രമകാരിയായ മനോരോഗിയെ മെന്റൽ ഹോസ്പിറ്റലിൽ സെല്ലിലാക്കാനേ നമുക്കു കഴിയൂ. ഇവിടെ നമ്മളതു ചെയ്തുകഴിഞ്ഞു."

"എനിക്കു പരാതിയില്ലെന്നു പറഞ്ഞല്ലോ."

"അതു വാക്കാൽ പറഞ്ഞാൽ പോര. രേഖാമൂലം തരണം."

"തരാം. ഒപ്പിട്ടു തരാം. പക്ഷേ, എനിക്കൊരുറപ്പു വേണം. രേഖാമൂലം തരണം."

"എന്താണത്?"

"മരണഭയമില്ലാതെ എനിക്കു ജീവിക്കണം. ഭ്രാന്തുപിടിച്ച അയാൾ ഭ്രാന്താശുപത്രീന്ന് എപ്പഴെങ്കിലും ചാടിവരുമോന്ന് എനിക്കു പേടിയുണ്ട്."

"എന്തിനു പേടിക്കണം? പോലീസ് പ്രൊട്ടക്ഷനുണ്ടല്ലോ."

"ഈ പോലീസ് കാവലിലുള്ള ജീവിതം വലിയ ബുദ്ധിമുട്ടാ. എനിക്കും എന്നെ കാക്കാൻ വരുന്ന പോലീസുകാർക്കും അതു മടുപ്പാ. ആ ജോസല്ലാതെ മറ്റൊരു ശത്രുവും എനിക്കില്ല."

"മിസ്റ്റർ മാത്തുക്കുട്ടീ, എന്റെ അന്വേഷണത്തിൽ സെല്ലിൽ കഴിയുന്ന ജോസിന്റെ സ്ഥിതി വളരെ മോശമാണ്. അയാൾക്കെന്തോ ഗുരുതരരോഗമുണ്ട്. അവിടെ ചികിത്സയൊക്കെ കണക്കാ. വയലന്റായ മനോരോഗികൾക്ക് മറ്റുള്ള പരിഗണനകളൊന്നുമില്ല. വൈകാതെ പാലച്ചുവട്ടിൽ ജോസ് സെല്ലിൽ കിടന്നുതന്നെ തീരാനാണ് സാധ്യത."

"ആശ്വാസം. ഈ പോലീസ് പ്രൊട്ടക്ഷൻ പെട്ടെന്നുതന്നെ നീക്കിത്തരണം. ആകെ മടുത്തു." മാത്തുക്കുട്ടി പറഞ്ഞു.

"മിസ്റ്റർ മാത്തുക്കുട്ടീ, വയ്യാത്ത സാഹചര്യത്തിൽ സ്റ്റേഷനിലേക്കു വരണ്ട. ഞാൻ പോലീസുകാരെ ഇങ്ങോട്ടു പറഞ്ഞുവിടാം." അങ്ങനെ പറഞ്ഞ് സി.ഐ. മോഹൻകുമാർ എഴുന്നേറ്റു. അദ്ദേഹം പെട്ടെന്ന് ജീപ്പിൽക്കയറി തിരിച്ചുപോയി.

രണ്ടുദിവസം കഴിഞ്ഞപ്പോൾ റോണിക്ക് ഒരു സമൻസ് വന്നു. ജീനാക്കേസിൽ രണ്ടാംഘട്ട മൊഴിയെടുപ്പിന് സ്റ്റേഷനിൽ ഹാജരാകാനുള്ള സമൻസ്!

(തുടരും)

# പഴങ്ങൾ പ്രകൃതിദത്തമരുന്നുകൾ



ഡോ. ഷിബു ആനത്താരയ്ക്കൽ

നാഷണൽ കമ്മിഷൻ ടെക്നിക്കൽ ഗ്രൂപ്പിന്റെ റിപ്പോർട്ട് അനുസരിച്ച്, 2025 ജൂലൈ ഒന്നാം തീയതിയിൽ കേരളത്തിലാകെ 3.61 കോടി ജനങ്ങളാണുള്ളത്. ഇത് ആകെയുള്ള ഇന്ത്യൻ ജനതയുടെ 2.55 ശതമാനം മാത്രം. അദ്ഭുതപ്പെടുത്തുന്ന മറ്റൊരു വാർത്ത കുറച്ചുകാലം മുമ്പ് ഒരു ദേശീയ മാധ്യമത്തിൽ വന്നത് ഏവരുടെയും ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്: ദേശീയതലത്തിലുള്ള മൊത്തം മരുന്നുവില്പനയുടെ 10 മുതൽ 13 ശതമാനംവരെ കേരളത്തിലാണ് നടക്കുന്നത്.

ആന്റിബയോട്ടിക്കുകൾ, വേദനസംഹാരികൾ, മാനസികപിരിമുറുക്കം കുറയ്ക്കുന്ന മരുന്നുകൾ, ആരോഗ്യം വർദ്ധിപ്പിക്കുവാനായി ഉപയോഗിക്കുന്ന മരുന്നുകളടങ്ങിയ ഭക്ഷണപദാർത്ഥങ്ങൾ തുടങ്ങിയവയുടെ 75 ശതമാനം വില്പനയും കേരളത്തിൽ മാത്രമാണെന്നും ക്യാൻസർ, ഡയബറ്റിക്സ്, ഹൃദ്രോഗങ്ങൾ തുടങ്ങിയ രോഗങ്ങളുടെ കാര്യത്തിൽ കേരളമാണ് മുൻപന്തിയിലെന്നും വാർത്തയിൽ പറയുന്നു. ഉപയോഗിക്കുന്ന മരുന്നുകളുടെ ഡോസിൽ വർധനയും ഉണ്ടായിട്ടുണ്ട്. (ഉദാഹരണത്തിന് 500 മില്ലിഗ്രാം ഉപയോഗിക്കേണ്ട പാരസെറ്റാമോൾ ഇപ്പോൾ 650 മില്ലിഗ്രാം എങ്കിലും ഉപയോഗിക്കേണ്ടതായിരിക്കുന്നു).

ആശുപത്രികളുടെ എണ്ണം, ആശുപത്രിയുപകരണങ്ങളും സംവിധാനങ്ങളും, ഡോക്ടർ രോഗീ അനുപാതം ഇവ കണക്കിലെടുക്കുമ്പോൾ കേരളം മെഡിക്കൽരംഗത്ത് ഒന്നാമതാണ് എന്നത് തർക്കമറ്റ കാര്യമാണ്. മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ആരോഗ്യ – വിദ്യാഭ്യാസ കാര്യത്തിൽ മാത്രമല്ല; മറിച്ച്, കുടുംബ – സാമൂഹികജീവിത നിലവാരത്തിലും ഏറെ മുമ്പിൽ നിൽക്കുന്ന കേരളത്തിൽ വിവിധ കാരണങ്ങളാൽ മരുന്ന് ഉപയോഗിക്കുന്നവരുടെ എണ്ണം ദേശീയ ശരാശരിയിലും കൂടുതലാണ് എന്നത് ആഴത്തിൽ പഠനവിഷയമാക്കേണ്ടിയിരിക്കുന്നു.

കാരണങ്ങൾ കണ്ടെത്തുക എന്നതിനുമപ്പുറം ഏതൊരു വ്യക്തിക്കും, പ്രത്യേകിച്ചും സാമ്പത്തികമായി പിന്നാക്കംനിൽക്കുന്നവർ ഉൾപ്പെടെയുള്ള സാധാരണക്കാർക്കും അനുവർത്തിക്കാവുന്ന പ്രതിവിധികളാണു കണ്ടെത്തിയത്.

പ്രകൃതിദത്തമായ മരുന്നുകൾ പഴങ്ങളുടെ, രൂപത്തിൽ കൺമുന്നിൽ നിൽക്കുമ്പോഴും അവയെ അവഗണിച്ച് ആശുപത്രിയിൽ നിന്നോ അല്ലെങ്കിൽ മെഡിക്കൽ സ്റ്റോറിൽ നിന്നോ മരുന്നുവാങ്ങി മരുന്നുകളെ ഭക്ഷണമാക്കി മാറ്റിയ ഒരു ജനസമൂഹത്തിന്റെ ചിന്തയിലേക്ക് പഴങ്ങൾ പ്രകൃതിദത്ത മരുന്നുകൾ എന്ന ഏറെ പ്രസക്തമായ വിഷയം അവതരിപ്പിക്കുകയാണ്.

മിക്കവാറും എല്ലാ വീടുകളുടെയും മുറ്റത്തും പറമ്പിലും വളർത്തുന്നതോ അല്ലെങ്കിൽ തനിയെ വളർന്നുവരുന്നതോ ആയ മരങ്ങളിലെ പഴങ്ങൾ ഉപയോഗിക്കാതെ വവ്വാലിനും കാക്ക ഉൾപ്പെടെയുള്ള പക്ഷികൾക്കുമായി മാറ്റിവയ്ക്കുമ്പോൾ നാം അറിയുന്നില്ല അവ കേവലം ഭക്ഷ്യവസ്തു മാത്രമായിരുന്നില്ല; മറിച്ച്, ക്യാൻസറും ഷുഗറും കൊളസ്ട്രോളും ഉൾപ്പെടെ നമ്മുടെ ജീവൻ കാർന്നു തിന്നാൻ ശേഷിയുള്ള മാരകമായ രോഗങ്ങൾക്കെതിരെയുള്ള പ്രകൃതിയുടെ മരുന്നുകളായിരുന്നു എന്ന്.

പഴയ തലമുറക്കാർ സ്ഥിരം പറയാറുള്ള ഒരു കാര്യമാണ്: "എന്റെ ചെറുപ്പത്തിൽ ഇപ്പോൾ കാണുന്നതരത്തിലുള്ള അസുഖങ്ങൾ ഒന്നും ഇല്ലായിരുന്നു. ഞാൻ ആശുപത്രിയിൽപോയി മരുന്നു വാങ്ങിച്ചതായി ഓർക്കുന്നുപോലുമില്ല.'' ശരിയാണ്, പഴയ തലമുറക്കാർ ആശുപത്രിയിൽ അധികം പോയിട്ടുണ്ടാവില്ല. കാരണം, ആശുപത്രിയിൽ നിന്നു ലഭിക്കുന്നതിനെക്കാൾ മേന്മയും ഗുണനിലവാരവുമുള്ള മരുന്നുകൾ അവർ അറിയാതെ തന്നെ വിവിധ പഴവർഗങ്ങൾ കഴിക്കുമ്പോൾ അവർക്കു ലഭിക്കുന്നുണ്ടായിരുന്നു. കൈയെത്തും ദൂരത്തുനിന്ന് ലഭിക്കുന്ന ഏതു തരം പഴവും അവർ കഴിക്കുമായിരുന്നു. ഒരുപക്ഷേ, അന്നു വിശപ്പടക്കാൻ വേണ്ടിയായിരുന്നിരിക്കാം അവർ കൈയിൽ കിട്ടുന്ന പഴവർഗങ്ങൾ കഴിച്ചിരുന്നത്. എങ്കിലും, അത്തരം പഴങ്ങൾ ആ തലമുറയുടെ ആരോഗ്യസംരക്ഷണമാർഗമായ മരുന്നുകൾതന്നെയായിരുന്നു എന്ന സത്യമാണ് കാലം തെളിയിക്കുന്നത്.

കടയിൽനിന്നു വില കൊടുത്തു വാങ്ങുന്ന വിഷസാന്നിധ്യമുള്ള പഴങ്ങളെക്കുറിച്ചല്ല; മറിച്ച് കപ്പളങ്ങ, ചാമ്പക്ക, പാഷൻ ഫ്രൂട്ട്, പേരയ്ക്ക, ലൂബിക്ക, റംബൂട്ടാൻ തുടങ്ങിയ തനി നാടൻ വിഷരഹിത പഴങ്ങളുടെ ഔഷധഗുണങ്ങളെക്കുറിച്ചാണ് ഇവിടെ പ്രതിപാദിക്കുന്നത്.

## പപ്പായ

1

കേരളത്തിലെ വീട്ടുമുറ്റത്തും തോട്ടങ്ങളിലും എളുപ്പത്തിൽ വളരുന്ന പപ്പായ (ശാസ്ത്രനാമം – Carica Papaya) കപ്പളങ്ങ, ഓമക്കായ്, കപ്പരയ്ക്കാ, പപ്പരയ്ക്കാ, കറമൂസ തുടങ്ങി വിവിധ പ്രാദേശികപേരുകളിലാണ് അറിയപ്പെടുന്നത്.

സാധാരണക്കാരന്റെ പഴം എന്ന് അറിയപ്പെടുന്ന പപ്പായ, മനുഷ്യശരീരത്തിനാവശ്യമായ പോഷകങ്ങൾ നൽകുന്നതിനൊപ്പം ശരീരത്തിലെ വിവിധ അവയവങ്ങളുടെ പ്രവർത്തനത്തെ നിയന്ത്രിക്കുവാൻ ശേഷിയുള്ള പ്രകൃതിദത്ത ഔഷധങ്ങളുടെ കലവറകൂടിയാണ്.

**ദഹനവ്യവസ്ഥയുടെ ആരോഗ്യത്തിന് അത്യുത്തമം**

പപ്പായയിൽ അടങ്ങിയിട്ടുള്ള പപ്പായിൻ, കൈമോപപ്പായിൻ എന്നീ എൻസൈമുകൾ ഭക്ഷണത്തിലെ പ്രോട്ടീനുകളുടെ വിഘടനത്തിനെ ത്വരിതപ്പെടുത്തി അമിത അസിഡിറ്റി കുറയ്ക്കുവാൻ ഇടയാക്കുന്നു. മാത്രവുമല്ല, പപ്പായയിൽ അടങ്ങിയിട്ടുള്ള ഫൈബറുകൾ മലബന്ധം തടയുകയും ദഹനപ്രക്രിയ സുഗമമാക്കുകയും ചെയ്യുന്നു.

**കണ്ണിന്റെയും ത്വക്കിന്റെയും സംരക്ഷണം**

പപ്പായയിൽ ധാരാളമായി അടങ്ങിയിട്ടുള്ള കരോട്ടിനോയിഡുകളും വിറ്റാമിൻ എയും കണ്ണുകളുടെ കാഴ്ചശക്തി വർദ്ധിപ്പിക്കുകയും ത്വക്കിന്റെയും മുടിയുടെയും ആരോഗ്യം മെച്ചപ്പെടുത്തുകയും ചെയ്യുന്നു.

**കാൻസർ പ്രതിരോധം**

പപ്പായയിൽ ലൈക്കോപീൻ, ഫ്ളാവനോയിഡുകൾ, വിറ്റാമിൻ സി, വിറ്റാമിൻ ഇ ഉൾപ്പെടെ ധാരാളം ആന്റി ഓക്സിഡന്റുകൾ അടങ്ങിയിട്ടുണ്ട്. അവ പ്രോസ്റ്റേറ്റ് കാൻസറിനെ പ്രതിരോധിക്കാൻ ശേഷിയുള്ളവയാണെന്ന് ശാസ്ത്രീയപഠനങ്ങൾ തെളിയിക്കുന്നു. പപ്പായയിൽ ധാരാളമായി അടങ്ങിയിരിക്കുന്ന ഫൈബറുകൾ, വൻകുടലിൽ ചില സാഹചര്യങ്ങളിൽ ഉണ്ടാകുന്ന ക്യാൻസറിനു കാരണമാകുന്ന വിഷവസ്തുക്കളെ, വൻകുടലിൽക്കൂടി ആഗിരണം ചെയ്യുന്നതു തടയുന്നതിനാൽ, വൻകുടലിൽ ഉണ്ടാകാനിടയിലുള്ള കാൻസറിനെ പ്രതിരോധിക്കാൻ പപ്പായ സഹായകനാകുന്നു.



**ഹൃദയാരോഗ്യത്തിന് അത്യുത്തമം**

പപ്പായയിൽ അടങ്ങിയിട്ടുള്ള വിവിധ രാസഘടകങ്ങൾ രക്തത്തിലെ കൊളസ്ട്രോൾ കുറയ്ക്കാനും, രക്തധമനികളിലെ ഭിത്തിയിൽ കൊഴുപ്പ്, കൊളസ്ട്രോൾ, കാൽസ്യം മുതലായവ അടിഞ്ഞുകൂടുന്ന അവസ്ഥയായ അഥിറോസ്ക്ലിറോസിസിനെയും ഹൈപ്പർ ടെൻഷൻ, സ്ട്രോക്ക് തുടങ്ങിയ ഗുരുതരാവസ്ഥയെയും തടയാനും ഹൃദയാരോഗ്യം മെച്ചപ്പെടുത്താനും സഹായിക്കുന്നു.

**മുറിവുകളും കരളും സംരക്ഷിക്കുന്നു**

മുറിവുണങ്ങാനും അതുപോലെ കരളിനെ സംരക്ഷിക്കാനും പാരമ്പര്യചികിത്സയിൽ പപ്പായ ഉപയോഗിച്ചിരുന്നു. പ്രമേഹരോഗികളിൽ ഡയബറ്റിക് അൾസറുകളുടെ മുറിവ് വേഗത്തിൽ ഭേദമാകാൻ പപ്പായയിൽ അടങ്ങിയിട്ടുള്ള രാസഘടകങ്ങൾ സഹായിക്കുന്നു എന്ന് ശാസ്ത്രീയമായി ഇന്ന് അംഗീകരിച്ചിട്ടുള്ള കാര്യമാണ്. പഴുക്കാത്ത പപ്പായ കരളിനെ സംരക്ഷിക്കുവാൻ ശേഷിയുള്ളതാണെന്നും പഠനങ്ങൾ പറയുന്നു.

**ജാഗ്രത ആവശ്യമാണ്**

ഗർഭിണികൾ പപ്പായ അമിതമായി ഉപയോഗിക്കുന്നത് ഒഴിവാക്കണം. കാരണം, പപ്പായയിലെ ചില എൻസൈമുകൾ ഗർഭപാത്രത്തിനെ ചുരുക്കി അബോർഷന് ഇടയാക്കാം. കൂടാതെ, അധികമായി പപ്പായ കഴിച്ചാൽ, കരോട്ടീനിമിയ (ത്വക്കിന് ഉണ്ടാകുന്ന മഞ്ഞനിറം) എന്ന അവസ്ഥയ്ക്കും ഇടവരുത്തും.

---

**ശ്രേഷ്ഠമലയാളം**

# ഗണിക്കലും അവഗണിക്കലും



ഡോ. ഡേവിസ് സേവ്യർ

നേരേയുള്ള അർഥത്തിലും വിപരീതമായ അർഥത്തിലും പദങ്ങൾ വാക്യത്തിനുള്ളിൽ പ്രയോഗിക്കേണ്ടിവരും. ഒരു പദത്തിന്റെ എതിരായുള്ള അർഥത്തെ പ്രതിപാദിക്കുന്ന ശബ്ദമാണ് വിപരീതപദം. ഇക്കാര്യത്തിൽ അവധാനത പുലർത്തിയില്ലെങ്കിൽ വിപരീതപദനിർമ്മിതി പാളിപ്പോകും. ഗണിക്കുക എന്ന ക്രിയാപദത്തിന് കണക്കാക്കുക എന്നാണ് പ്രാഥമികാർഥം. ഗണിക്കുക എന്ന പദത്തിന്റെ വിപരീതമെന്ന നിലയിൽ 'വിഗണിക്കുക' പ്രയോഗിച്ചുകണ്ടിട്ടുണ്ട്. ഗണിക്കുക, വിഗണിക്കുക – രണ്ടും സമാനാർഥകമാണ്. 'വി' ചേർത്താൽ എപ്പോഴും വിപരീതപദമാകണമെന്നില്ല.

സ്മരിക്കുക – വിസ്മരിക്കുക; ഘടിക്കുക – വിഘടിക്കുക; യോജിക്കുക – വിയോജിക്കുക; വിശ്വസിക്കുക – അവിശ്വസിക്കുക എന്നിങ്ങനെയുള്ള പദജോടികൾ കണ്ടിട്ടാവണം ഗണിക്കുക എന്നതിന്റെ വിപരീതം വിഗണിക്കുക എന്നു നിശ്ചയിക്കാൻ ഇടയായത്. ഗണിക്കയുടെ വിപരീതം അവഗണിക്കുക എന്നതാണ്. ഗണിക്കുക × അവഗണിക്കുക. വകവയ്ക്കാതിരിക്കലാണല്ലോ അവഗണിക്കൽ. കണക്കാക്കലും കണക്കാക്കാതിരിക്കലുമാണ് ഗണിക്കലും അവഗണിക്കലും.

ഇക്കാര്യത്തിൽ ശബ്ദതാരാവലിയും ചെറിയ ആശയക്കുഴപ്പം ഉണ്ടാക്കിയിട്ടുണ്ട്. "ശബ്ദതാരാവലിയിൽ വിഗണിക്കുക എന്നതിന് ഗണിക്കുക, ഗണിക്കാതിരിക്കുക എന്ന രണ്ട് അർഥവും കൊടുത്തിരിക്കുന്നു. ആ രണ്ട് അർഥവും ആ പദത്തിനുണ്ടെങ്കിൽ അത് പ്രയോഗിക്കാതിരിക്കുകയല്ലേ നല്ലത്? എവിടെ ഏത് അർഥം എന്ന് അറിയാൻ കഴിയില്ലല്ലോ. അവഗണിക്കുകയാണ് ഗണിക്കയുടെ വിപരീതം'' വിഗണയയമാം ച യഥാ തവര്യപത്രം (എന്നെയും നിന്റെ ഭർത്താവിനെപ്പോലെ പരിഗണിക്കൂ) എന്നു പ്രതിമാനാടകത്തിലും അദൂരവർത്തിനീം സിദ്ധീം രാജൻ വിഗണയാത്മനഃ (രാജാവേ സ്വന്തം കാര്യം അടുത്തുതന്നെ നടക്കും എന്നു ഗണിക്കൂ) എന്നു രഘുവംശത്തിലും ദാസനും കാളിദാസനും സമാനാർഥത്തിലാണ് ഗണിക്കയും വിഗണിക്കുകയും പ്രയോഗിച്ചിട്ടുള്ളത്.[1]

1. വാസുദേവഭട്ടതിരി, സി.വി. നല്ല മലയാളം, ഇംപ്രിന്റ്, കൊല്ലം, 1992, പുറം – 38

ബാലനോവൽ 14

# പൊന്നിവനത്തിലെ കഴുത



നിഥിൻകുമാർ ജെ.

"പക്ഷേ നമ്മൾ ഇവിടെ മാത്രം ഒതുങ്ങിപ്പോകും. ഇതൊരു ചെറിയ താവളമാണ്. കാടുപോലെ വിശാലമല്ല. ഓടാനും ചാടാനും ഒന്നും ഇവിടെ ഇടമില്ല. മാത്രമല്ല ഇവിടെത്താമസിക്കുന്ന ഓരോ ദിവസവും ഒരു മുറിയിൽ പൂട്ടിയിട്ടതുപോലെയാണ്. നീ ചുറ്റും ഒന്നു നോക്ക്. ഈ മരങ്ങൾക്കിടയിലുള്ള ചെറിയ




പാറക്കെട്ട്."

"അങ്ങനെ താമസിച്ചതുകൊണ്ട് എന്താണു ഗുണം? വെറുതെ ജീവിക്കുന്നതുപോലെ.. അല്ലെ." തേൾ ആണ് ചോദിച്ചത്. പക്ഷേ, അതിന്റെ ഉത്തരം കീരയ്ക്കും അറിയില്ല. അവൾ പറഞ്ഞു:

"കുറച്ചു ദിവസം ഇവിടെ താമസിക്കാം. ഒരു ഒളിത്താവളം പോലെ... അതിനുശേഷം നമുക്കു വേറെ വഴികൾ കണ്ടെത്താം. മാത്രമല്ല ഇപ്പോൾ പുറത്തേക്കു പോയാൽ അപകടംകൂടിയാണ്. ഗ്രാമത്തിലെ ആളുകൾ എല്ലാം ഡോസിയെ തിരഞ്ഞിറങ്ങിക്കാണും." കീരയൊരു പാറയുടെ മുകളിൽ കയറിയിരുന്നു.

"എന്തായാലും നമ്മൾ ഇപ്പോൾ സുരക്ഷിതരാണ്." ഡോസിയും ഒരു കല്ലിന്റെ പുറത്തായി ഇരുന്നു.

"ഹാവു. ആശ്വാസമായി. ഭാരം ചുമന്ന് നടുവൊടിഞ്ഞു." ഡോസി കല്ലിലേക്കു ചാഞ്ഞു കിടന്നു. തൊട്ടടുത്തായി റായലും.

"ഇനി എന്താണു നമ്മുടെ പരിപാടി?" റായൽ ചോദിച്ചു.

"നമുക്ക് ഡോസിയെ അവനു പോകണ്ട സ്ഥലത്ത് എത്തിക്കണം." കീര പറഞ്ഞതു കേട്ടിട്ടും ഡോസി ഒന്നും മിണ്ടിയില്ല.

"നീ എന്താ ഒന്നും മിണ്ടാതെ കിടക്കുന്നെ?"

"ഞാൻ കഴിഞ്ഞ ദിവസം പറഞ്ഞത് ഓർമ്മയുണ്ടോ? ഞാൻ പൊന്നിവനത്തിലേക്കു വെറുതെ തിരികെപ്പോകില്ല. എനിക്കൊരു ലക്ഷ്യമുണ്ട്. അതിന് ഒരാളെ കാണാൻവേണ്ടിയാണു ഞാൻ ഗ്രാമത്തിലേക്കു വന്നത്."

"ആരെ?" കീര കൗതുകത്തോടെ ചോദിച്ചു.

ഡോസി കല്ലിൽനിന്നു പതിയെ എഴുന്നേറ്റിരുന്നു.

"അത്..." ഡോസി തന്റെ കഥ പറയാൻ തുടങ്ങി.

"ഞാൻ എന്തിനാണു കാടുവിട്ട് ഗ്രാമത്തിൽ വന്നതെന്ന് അറിയാമോ? പരിഹാസവും അവഗണനയും സഹിക്കാൻ പറ്റാതെ വന്നപ്പോൾ. ഞാനൊരു കഴുതയല്ലേ. കഴുതയ്ക്ക് നിങ്ങൾക്ക് മറ്റൊരു അർഥം കൂടിയില്ലേ. മണ്ടൻ. നിങ്ങൾപോലും പറയില്ലേ. ഒരു ചെറിയ തെറ്റ് ഒരാൾ ചെയ്താൽ. നീ ഒരു കഴുതയാണല്ലോ എന്നൊക്കെ. എന്തിനാണ് അങ്ങനെ പറയുന്നത് കൂട്ടുകാരെ?" ഡോസിയുടെ ചോദ്യം കീരയോടായിരുന്നു.

"അത്... അത്. അതൊരു തമാശയ്ക്ക്."

"തമാശ.. ഞങ്ങൾ കഴുതകൾ എല്ലാവർക്കുമൊരു തമാശയാണ്." ഡോസിയുടെ കണ്ണുകൾ നിറഞ്ഞു.

"നിങ്ങൾക്ക് അറിയാമോ. ഒരിക്കൽ പൊന്നിവനത്തിൽ വെച്ച് ഞാൻ പുഴയുടെ തീരത്തേക്കു ചെന്നപ്പോൾ കുറച്ചു കുരങ്ങന്മാർ ഓടിക്കളിക്കുന്നു. അതു കണ്ടപ്പോൾ എനിക്കും കൊതി തോന്നി. ഞാൻ അവരുടെ അടുത്തേക്കു നടന്നു. എന്നിട്ടു ചോദിച്ചു: കൂട്ടുകാരേ, എന്നെയും നിങ്ങളുടെകൂടെ കൂട്ടുമോ. ഞാൻ പറഞ്ഞത് അവരാരും ശ്രദ്ധിച്ചില്ല. ഞാൻ വീണ്ടും ചോദിച്ചു. കൂട്ടുകാരേ, എന്നെയും കൂടി കളിപ്പിക്കാമോ? അതുകേട്ട ഒരു കുരങ്ങൻ എന്താണു പറഞ്ഞതെന്ന് അറിയാമോ? അമ്പോ.. കഴുതയുടെ ഒരു ആഗ്രഹം കണ്ടോന്ന്.. ഇതൊന്നും നിനക്കു കളിക്കാൻ പറ്റില്ലന്ന്. അവർ കളിച്ചുകൊണ്ടിരുന്നത് കബഡിയാണ്. എനിക്ക് അത് വളരെ ഇഷ്ടവുമാണ്. ഞാൻ എത്ര പറഞ്ഞിട്ടും അവരെന്നെ കൂടെ കൂട്ടിയില്ല. ഞാൻ ചോദിച്ചു."

ഡോസി പഴയ അനുഭവകഥ കൂടുതൽ വിശദമായി പറയാൻ തുടങ്ങി. ഡോസി പറയുന്നത് കീര മനസ്സിൽ കാണാൻ തുടങ്ങി.

"എന്താ കുരങ്ങൻചേട്ടാ എന്നെ കൂടെ കൂട്ടാത്തത്?"

"എടാ മണ്ടാ. ഞങ്ങൾ നിന്നെ കളിക്കാൻ കൂട്ടാത്തതിന്റെ കാരണംപോലും നിനക്കറിയില്ല. അതിനുള്ള ബുദ്ധിപോലും നിനക്കില്ല. നീയൊരു മണ്ടനാണ്. അതാണു കാരണം. മനസ്സിലായോ."

"അങ്ങനെ പറയല്ലേ.. എനിക്കും നിങ്ങളെപ്പോലെ ഓടാനും ചാടാനും പറ്റും. നിങ്ങൾ ചിന്തിക്കുംപോലെ ചിന്തിക്കാനും എനിക്കു കഴിയും. എന്നെയൊന്നു കൂടെ കൂട്ട്."

"നിനക്കു പറഞ്ഞാൽ മനസ്സിലാവില്ല. പോവാൻ നോക്ക്. നിനക്കു പറ്റുന്നത് സാധനങ്ങൾ പുറത്തു കയറ്റിക്കൊണ്ടു പോകുന്ന ജോലിയാണ്. അതിൽ നീ കേമനാണ്." കുരങ്ങൻ പറഞ്ഞതു കേട്ടപ്പോൾ ഡോസിയുടെ കണ്ണുകൾ തുളുമ്പി.

"ഞാൻ അങ്ങനെ അവിടെ നിന്നും നാണം കെട്ട് മടങ്ങി."

കഴുതയ്ക്കുണ്ടായ ഒരു അനുഭവം കീരയോടും റായലിനോടും അവൻ പറഞ്ഞു.

"ഞാൻ അതെല്ലാം നീ പറഞ്ഞപ്പോൾ മനസ്സിൽ കണ്ടു. നിന്നെയും കുരങ്ങന്മാരെയും ഞാൻ മനസ്സിൽ കണ്ടു. സാരമില്ല ഡോസി."

"സാരമില്ലന്നോ... ഞാൻ നടന്നതൊക്കെ അമ്മയോടു പറഞ്ഞു. അപ്പോൾ അമ്മ പറഞ്ഞത് എന്താണെന്ന് അറിയാമോ? മോനേ ഡോസി, നമ്മൾ കഴുതകളുടെ ജോലി ചുമട് എടുക്കുന്നതാണ്. നീയും നിന്റെ അച്ഛനെപ്പോലെയും അമ്മയെപ്പോലെയും അപ്പൂപ്പനെപ്പോലെയും ചുമട് എടുത്തു തുടങ്ങണം. അമ്മ അങ്ങനെ പറഞ്ഞതാണ് എനിക്കു സഹിക്കാൻ പറ്റാഞ്ഞത്."

"അപ്പോൾ നീ എന്താണു പറഞ്ഞത് ഡോസി." റായൽ ചോദിച്ചു.

കഴുതയുടെ മറുപടി കേൾക്കാൻ കീരയും റായലും കാതോർത്തു.

"ഞാൻ പറഞ്ഞു, എനിക്ക് അച്ഛനെപ്പോലെയും അമ്മയെപ്പോലെയും അപ്പൂപ്പനെപ്പോലെയും ഭാരമെടുത്തു ജീവിക്കണ്ട. എന്ന്?"

"പിന്നെ... നീ എന്താണു പറഞ്ഞത്?" കീരയ്ക്കു കൗതുകമായി.

ഡോസി, പൂച്ചയുടെയും തേളിന്റെയും മുഖത്തേക്കു മാറി മാറി നോക്കി. എന്നിട്ടു പറഞ്ഞു:

"എനിക്ക് പൊന്നിവനത്തിലെ രാജാവായി ജീവിക്കണം എന്ന്" ഡോസി പറഞ്ഞതു കേട്ടപ്പോൾ കീരയും റായലും ഞെട്ടിപ്പോയി.

"എന്റെ ഡോസീ. നിന്റെ ആഗ്രഹം ആകാശത്തേക്കാൾ വലുതാണല്ലോ. ഇതൊക്കെ എങ്ങനെ സാധിക്കും? അതും കാട്ടിലെ രാജാവ്. ഇത് സിംഹരാജൻ അറിഞ്ഞാലുള്ള അവസ്ഥ നീ ഓർത്തു നോക്കിക്കേ." റായലാണ് പറഞ്ഞത്.

പക്ഷേ, ഡോസി മൗനത്തോടെ ഇരുന്നു.

"നീ ബാക്കി കഥ പറ... അമ്മയോടു രാജാവാകണമെന്നു പറഞ്ഞപ്പോൾ അമ്മ എന്താണു പറഞ്ഞത്?" കീര ചോദിച്ചു. ഡോസി കഥയുടെ ബാക്കി പറയാൻ തുടങ്ങി.

"അമ്മ കുറച്ചുനേരം മിണ്ടാതെയിരുന്നു. എന്നിട്ട് പറഞ്ഞു. നീ എന്തു മണ്ടത്തരമാണ് പറയുന്നത് മോനെ. അതു കേട്ടപ്പോൾ എനിക്കു കൂടുതൽ ദേഷ്യമാണ് വന്നത്."

*(തുടരും)*

കവിത — അഡ്വ. എ.റ്റി. തോമസ് വാളനാട്ട്



## മനഃസാക്ഷി

മനഃസാക്ഷിയെന്നൊരു ദൃക്സാക്ഷിയുണ്ടുള്ളിൽ
മൃദുലമായ് മന്ത്രിക്കാറുണ്ടിടയ്ക്ക്
മനസ്സിന്റെ ചാപല്യമെല്ലാമറിയുന്ന
മതിവന്ന ജിഹ്വയായ് സ്പന്ദിക്കുന്നു
ചപലമോഹങ്ങൾ പ്രലോഭിപ്പിക്കുമ്പോഴും
കപടവാഗ്ദാനങ്ങൾ നൽകുമ്പോഴും
മനഃസാക്ഷിക്കുത്തുകൾ നൽകുന്നതിനാലെൻ
ഗതിചക്രം സത്യത്തിൽ സഞ്ചരിപ്പൂ
മനസ്സാകും മർക്കടനിടതടവില്ലാതെ
മധുരക്കിനാവുകൾ കാണിക്കുമ്പോൾ,
മനുജനിതുവരെ കാണാത്ത മാർഗത്തിൻ
മാന്ത്രികക്കുതിരയായ് പായുമ്പോഴും
മുറുകെപ്പിടിച്ചു കടിഞ്ഞാൺചരടിന്മേൽ
പതനത്തിൽനിന്നെന്നെ കാത്തീടുന്നു.
ഒരുവേളപോലുമെൻ കുറ്റത്തെ കുറ്റമെ-
ന്നോതാതിരുന്നില്ലീ തത്തക്കിളി
അതുകൊണ്ടു ഞാനെന്നുമെപ്പോഴുമെൻ കർണ്ണ-
പുടമിടനെഞ്ചത്തു ചേർത്തുവയ്ക്കും
മമകർമ്മമേതും ശരിയായിരിക്കുവാൻ
അതിനൊരുസൂചന ലഭ്യമാകാൻ
അറിയില്ലെനിക്കു മനഃസാക്ഷി തൽസ്ഥാന-
മിടനെഞ്ചത്താണോ എന്നുള്ള കാര്യം
അവിടുന്നിടയ്ക്കിടെ കേൾക്കുന്ന മർമ്മരം
മനഃസാക്ഷിതൻ ശബ്ദമാകുകില്ലേ?
സഖികളാണെന്നു നടിച്ചു ചിലരൊക്കെ
വഴിതെറ്റിക്കാറുണ്ടിടയ്ക്കിടയ്ക്ക്
കുറവുകൾ ചൂണ്ടിക്കാണിക്കാതവയൊക്കെ
ബഹുകേമമെന്നു പുകഴ്ത്താറുണ്ട്
എന്നിട്ടും പടുകുഴി തന്നിൽ പതിക്കാതെ
ഇരവിലും പകലിലും കാത്തിടുന്നു
കൺകൊണ്ടു കാണാൻ കഴിയുന്നില്ലെങ്കിലും
മനസ്സിലീ മാലാഖ മിന്നിനില്പൂ
മനസ്സാക്ഷിയെ ഹൃത്തിനുള്ളിൽ പ്രതിഷ്ഠിച്ച
മഹനീയ ശക്തിക്കു നന്ദി നന്ദി!



ക്രിസ്മസിനെ വരവേല്ക്കാനൊരുങ്ങി
പാലാ സെന്റ് തോമസ്
ആർട്ട് ഗാലറി
കലയുടെ കലവറ
St. Thomas Art Gallery
കമനീയമായ കലാശില്പങ്ങൾക്കും പെയിന്റിങ്ങുകൾക്കുമൊപ്പം മനോഹരമായ ക്രിസ്മസ് സമ്മാനങ്ങളും സ്വന്തമാക്കാൻ ഇതാ ഒരു സുവർണാവസരം!
വിവിധതരത്തിലുള്ള പെയിന്റിങ്ങുകളുടെയും കലാശില്പങ്ങളുടെയും അതിവിപുലമായ ശേഖരം.
വാട്ടർകളർ, അക്രിലിക്, എണ്ണച്ചായം മീഡിയത്തിലുള്ള പരമ്പരാഗത ക്രൈസ്തവകലാരൂപങ്ങൾ, ഛായാചിത്രങ്ങൾ, പ്രകൃതിദൃശ്യങ്ങൾ.
ദേവാലയങ്ങൾക്കും ഭവനങ്ങൾക്കും ഉപയുക്തമായ രൂപക്കൂടുകളും ഫോട്ടോഫ്രെയിമുകളും

Deepanalam Weekly
RNI No : 16998/68
Vol. 58 No. 41 Date of Publication 11 December 2025
Annual Subscription Rate ₹ 400 (For Abroad ₹ 4500)
Registered No. KL/KTM/12/2024-2026
License No. KL/CR/KTM/WPP-16/2024-2026
Licensed to post without pre-payment













Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
Ph: 04822-212842 . 7306874714 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org